# പതിമൂന്നാം കേരള നിയമസഭ

# വിഷയനിർണ്ണയ സമിതി XIII
## (2013-2016)
## (സാമൂഹ്യസേവനം)

## വിഷയനിർണ്ണയ സമിതി XIII-ന്റെ 2013 -14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

ക്കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

2014 ജൂലൈ 10-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# വിഷയനിർണ്ണയ സമിതി XIII
# (2013-2016)
# (സാമൂഹ്യസേവനം)

**വിഷയനിർണ്ണയ സമിതി XIII-ന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

941/2014.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# വിഷയനിർണ്ണയ സമിതി XIII
# (2013-16)
# (സാമൂഹ്യസേവനം)

**ഘടന**

ചെയർമാൻ :

ഡോ. എം. കെ. മുനീർ ,
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. എ. പി. അനിൽ കുമാർ ,
പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി

കുമാരി പി. കെ. ജയലക്ഷ്മി,
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. അൻവർ സാദത്ത്

,, ചിറ്റയം ഗോപകുമാർ

,, കെ. എൻ . എ. ഖാദർ

,, മോൻസ് ജോസഫ്

,, പുരുഷൻ കടലുണ്ടി

,, കെ. രാധാകൃഷ്ണൻ

,, ആർ . രാജേഷ്

ശ്രീമതി കെ. എസ്. സലീഖ

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ , സെക്രട്ടറി

ശ്രീമതി എസ്. ജയന്തി, ജോയിന്റ് സെക്രട്ടറി

,, എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സഖറിയ പി. സാമുവൽ , അണ്ടർ സെക്രട്ടറി.

# അവതാരിക

സാമൂഹ്യസേവനം സംബന്ധിച്ച വിഷയനിർണ്ണയ സമിതി XIII-ന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

വിഷയനിർണ്ണയ സമിതി XIII-ന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്ട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളാ യാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ സമിതിയുടെ പരിഗണനയ്ക്ക് വിധേയമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകളുടെ വിവരങ്ങളും രണ്ടാം ഭാഗത്തിൽ ഇനിയും മറുപടി ലഭിച്ചിട്ടില്ലാത്ത ഖണ്ഡികകളിലെ ശുപാർശകൾ സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

ഈ റിപ്പോർട്ട് 2014 ജൂലൈ 1-ാം തീയതി ചേർന്ന യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

തിരുവനന്തപുരം,
2014 ജൂലൈ 1.

ഡോ. എം. കെ. മുനീർ ,
*ചെയർമാൻ ,*
*വിഷയനിർണ്ണയ സമിതി XIII.*

# റിപ്പോർട്ട്

## ഭാഗം I

സാമൂഹ്യ സേവനം സംബന്ധിച്ച വിഷയനിർണ്ണയ സമിതി XIII-ന്റെ 2013-2014 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ ഉൾപ്പെടുത്തി സമർപ്പിച്ച മറുപടികളിന്മേൽ സമിതിയുടെ അംഗീകാരം ലഭിച്ചവ താഴെ ചേർക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

### പട്ടികജാതി വികസന വകുപ്പ്

2225-01-102-97 —പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം

ഖണ്ഡിക നമ്പർ 1

വിവാഹധനസഹായം 20,000 രൂപയിൽ നിന്നും 50,000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാലും മുൻവർഷം അനുവദിക്കേണ്ടതായ അപേക്ഷകർക്കായി 3000 ലക്ഷം രൂപ അധികമായി ആവശ്യമുള്ളതിനാലും ഈ സാമ്പത്തിക വർഷത്തിലേക്ക് 1625 ലക്ഷം രൂപ അധികമായി വേണ്ടിവരും എന്നതിനാലും ഈ ശീർഷകത്തിൽ 4625 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2013-2014 സാമ്പത്തികവർഷം പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായ പദ്ധതിക്കായി 2225-01-102-97 (പ്ലാന്) ശീർഷകത്തിൽ 2000 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 27-12-2013-ലെ സ.ഉ.(സാധാ) നമ്പർ 9738/13/ധന ഉത്തരവ് പ്രകാരം 45,71,15,000 രൂപയും 28-3-2014 ലെ സ.ഉ.(സാധാ) നമ്പർ 2669/14/ധന ഉത്തരവ് പ്രകാരം 11,83,65,000 രൂപയും റീ-അപ്രോപ്രിയേഷൻ മുഖേന അധികമായി ലഭ്യമാക്കിയിരുന്നു. അപ്രകാരം ഈ ശീർഷകത്തിൽ ആകെ 7754.80 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്. പ്രസ്തുത തുക പദ്ധതിക്ക് പര്യാപ്തവുമാണ്.

2225-01-277-99-12—മെട്രിക്കുലേഷന് മുമ്പുള്ള പഠനങ്ങള്—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റും

ഖണ്ഡിക നമ്പർ 2

വർദ്ധിപ്പിച്ച നിരക്കിൽ ആനുകൂല്യങ്ങൾ നൽകുന്നതിനായി മുൻ സാമ്പത്തിക വർഷം 31.6 കോടി രൂപ ചെലവായിരുന്നു. ഇതേ നിരക്കിൽ നടപ്പു സാമ്പത്തിക വർഷം പ്രസ്തുത ആനുകൂല്യങ്ങൾ നൽകുന്നതിനായി ഈ ശീർഷകത്തിൽ 725 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രീമെട്രിക് വിദ്യാഭ്യാസം—സ്കോളർഷിപ്പും സ്റ്റൈപ്പന്റും പദ്ധതിയ്ക്കായി "2225-01-277-99-12 (നോൺ-പ്ലാൻ)" ശീർഷകത്തിൽ 2013-2014 സാമ്പത്തികവർഷം 23,75,00,000 രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത ശീർഷകത്തിൽ 5-8-2013-ലെ സർക്കാർ ഉത്തരവ് (ആർറ്റി.) നമ്പർ 641/13/ഫിന്. പ്രകാരം അഡീഷണൽ ഓതറൈസേഷൻ മുഖേന 625 ലക്ഷം രൂപയും 22-10-2013-ലെ സർക്കാർ ഉത്തരവ് (ആർറ്റി.) നമ്പർ 8086/13/ഫിന്. പ്രകാരം "2225-01-277-98 (നോൺ പ്ലാൻ)" ശീർഷകത്തിൽ നിന്നും 46 ലക്ഷം രൂപ റീഅപ്രോപ്രിയേഷൻ മുഖേനയും അനുവദിച്ചിരുന്നു. ഇപ്രകാരം "2225-01-277-99-12 (നോൺ പ്ലാൻ)" ശീർഷകത്തിൽ ആകെ 30,46,00,000 രൂപ ലഭ്യമായിട്ടുണ്ട്. ഈ തുക നടപ്പ് സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്ക് പര്യാപ്തമാണെന്ന വിവരം അറിയിക്കുന്നു.

## പട്ടികവർഗ്ഗ വികസന വകുപ്പ്

2225-02-277-88— <u>ട്യൂട്ടോറിയലുകളിൽ പഠിക്കുന്ന കുട്ടികൾക്ക് നൽകുന്ന ഗ്രാന്റ്</u>

<u>ഖണ്ഡിക നമ്പർ 5</u>

വിജയശതമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി 8, 9, 10, 11, 12, ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ട്യൂട്ടോറിയലുകളിൽ അയച്ച് ട്യൂഷൻ പഠിപ്പിക്കുന്നതിന് ട്യൂഷൻ ഫീസ്, എസ്. എസ്.എല്.സി., പ്ലസ് ടു, ഡിഗ്രി എന്നിവ പരാജിതരായവർക്ക് ട്യൂട്ടോറിയലുകളിൽ ചേർന്ന് പഠിക്കുന്നതിനുള്ള ധനസഹായം ഗിരിവികാസ്, ഗുരുകുലം പ്രോജക്ടുകളുടെ നടത്തിപ്പ്, എസ്.എസ്.എല്.സി., പ്ലസ്. ടു. പരീക്ഷകൾക്ക് മുമ്പുള്ള റസിഡൻഷ്യൽ ക്യാമ്പ്, പ്രീ മെട്രിക് ഹോസ്റ്റലുകളിലെ പാർട്ട് ടൈം ട്യൂട്ടർമാർക്കുള്ള ഓണറേറിയം മുതലായവ നൽകുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 2012-2013 സാമ്പത്തിക വർഷത്തെ മുഴുവൻ തുകയും ചെലവഴിക്കുകയും 25 ലക്ഷം രൂപ കുടിശ്ശിക ഉണ്ടാകുകയും ചെയ്ത സാഹചര്യത്തിൽ കുടിശ്ശിക കൊടുത്ത് തീർക്കുന്നത് ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ 55 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2013-2014 സാമ്പത്തിക വർഷം ട്യൂട്ടോറിയലിൽ പഠിക്കുന്ന കുട്ടികൾക്ക് ധനസഹായം നൽകുന്ന പദ്ധതിയ്ക്കായി 95 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. 2012-2013 സാമ്പത്തിക വർഷം അനുവദിച്ച തുക മുഴുവനും ചെലവഴിച്ച സാഹചര്യത്തിലും 25 ലക്ഷം രൂപ കുടിശ്ശിക ഉണ്ടായ

സാഹചര്യത്തിൽ 55 ലക്ഷം രൂപ അധികമായി വകയിരുത്തുന്നതിന് സമിതി ശുപാർശ ചെയ്തിരുന്നു. ടി ആവശ്യത്തിനായി അധികമായി വേണ്ടിവന്ന 75,89,000 രൂപയും 2013-2014 സാമ്പത്തിക വർഷം ധനപുനർവിനിയോഗംവഴി കണ്ടെത്തിയിരുന്നു. അതനുസരിച്ച് തൻവർഷം ആകെ ലഭ്യമായ 170.89 ലക്ഷം രൂപയിൽ 151.67 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

2225-02-277-49—അശ്രാമം സ്കൂള്/മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവയുടെ നടത്തിപ്പ് 34—മറ്റ് ചെലവുകൾ

ഖണ്ഡിക നമ്പർ 6

പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിൽ 18 അശ്രാമം മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. നടപ്പുവർഷം തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചല്, കണ്ണൂർ ജില്ലയിലെ ആറളം എന്നിവിടങ്ങളിൽ പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനും കാസർഗോഡ് കൊറഗ വിഭാഗത്തിനായി അനുവദിച്ച അശ്രാമം സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിനും, റസിഡൻഷ്യൽ സ്കൂളുകളിലെ കുട്ടികൾക്ക് മെസ്ചാർജ് ഒഴികെയുള്ള മറ്റ് ചെലവുകളിൽ വർദ്ധനവ് വരുത്തുമ്പോഴുണ്ടാകുന്ന അധികച്ചെലവ് വഹിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലെ 18 ആശ്രമം മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ മറ്റ് ചെലവുകൾക്കായി 2013-2014 സാമ്പത്തിക വർഷം 1416 ലക്ഷം രൂപ വകയിരുത്തിയിരുന്നു. എന്നാൽ തിരുവനന്തപുരം ജില്ലയിൽ കുറ്റിച്ചല്, കണ്ണൂർ ജില്ലയിൽ ആറളം എന്നിവിടങ്ങളിൽ പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ അനുവദിക്കുന്നതിനും, കാസർഗോഡ് കൊറഗ വിഭാഗത്തിന് അനുവദിച്ച അശ്രാമം സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിനും, മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ കുട്ടികൾക്ക് മെസ്ചാർജ് ഒഴികെയുള്ള മറ്റ് ചെലവുകൾക്ക് വർദ്ധനവ് വരുത്തുമ്പോൾ ഉണ്ടാകുന്ന അധിക ചെലവുകൾക്കായി 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നു. അതനുസരിച്ച് 2225-02-277-49-34-മറ്റുചെലവുകള്—പ്ലാൻ ശീർഷകത്തിൽ 2013-2014 സാമ്പത്തിക വർഷം 277 ലക്ഷം രൂപ ധനപുനർവിനിയോഗം വഴി അനുവദിച്ചിരുന്നു. ഇപ്രകാരം ആകെ ലഭ്യമായ 1693 ലക്ഷം രൂപയിൽ 1684 ലക്ഷം രൂപ ചെലവഴിച്ചു. കുറ്റിച്ചൽ ആറളം എന്നിവിടങ്ങളിൽ ആശ്രമം സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2225-02-277-42— യുവതികൾക്ക് ഓട്ടോറിക്ഷ അനുവദിക്കലും പരിശീലനവും

ഖണ്ഡിക നമ്പർ 7

സംസ്ഥാനത്തെ തൊഴിൽരഹിതരായ പട്ടികവർഗ്ഗ യുവതികൾക്ക് സൗജന്യമായി ഓട്ടോറിക്ഷവിതരണവും പരിശീലനവും നൽകുന്നതിനായാണ് ഈ ശീർഷകത്തിൽ തുക

വകകൊള്ളിച്ചിരിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 500 ഓട്ടോറിക്ഷ വിതരണവുമായി ബന്ധപ്പെട്ട നടപടികളുമായി വകുപ്പ് മുന്നോട്ട് പോകുകയാണ്. കൂടാതെ ഈ സാമ്പത്തികവർഷം 200 പേർക്ക് കൂടി അധികമായി ഈ ആനുകൂല്യം നൽകുന്നതിന് ലക്ഷ്യമിടുന്നു. ഈ ആവശ്യത്തിലേക്കായി ആകെ 9,55,15,000 രൂപ ആവശ്യമാണ്. ആയതിനാല്, ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമെ 6,27,15,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ തൊഴിൽ രഹിതരായ പട്ടികവർഗ്ഗ യുവതികൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനായി സൗജന്യമായി 500 ഓട്ടോറിക്ഷ വിതരണവും , പരിശീലനവും നൽകുന്നതിനായി ടി ശീർഷകത്തിൽ 328 ലക്ഷം രൂപ വകയിരുത്തിയിരുന്നു. കൂടാതെ 200 പേർക്ക് കൂടി അധികമായി ടി ആനുകൂല്യം നൽകുന്നതിനായി 9,55,15,000 രൂപ ആവശ്യമാണ്. ആയതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ 6,27,15,000 രൂപ അധികമായി വകയിരുത്തണമന്ന് സമിതി ശുപാർശ ചെയ്തിരുന്നു. 2013-2014 സാമ്പത്തിക വർഷം ടി ആവശ്യത്തിനായി 3,54,25,000 രൂപ കൂടി അധിക ധനസഹായമായി ലഭിച്ചിരുന്നു. ഇപ്രകാരം 2225-02-277-42-പ്ലാൻ ശീർഷകത്തിൽ ആകെ വകയിരുത്തിയ 6,82,25,000 രൂപയിൽ 6,74,64,460 രൂപ ചെലവഴിച്ചു.

2225-02-277-40-03— <u>സ്കൂള്, കോളേജ് തലത്തിലെ വിദ്യാർത്ഥികൾക്ക് പഠനയാത്രയ്ക്കുള്ള ധനസഹായം</u>

<u>ഖണ്ഡിക നമ്പർ 8</u>

പഠനത്തിൽ മികവ് പുലർത്തുന്ന പ്ലസ്സ് ടു, ബിരുദം, ബിരുദാനന്തര ബിരുദം പ്രൊഫഷണൽ ഡിഗ്രി, ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി വിനോദയാത്രയും പഠനയാത്രയും നടത്തുന്നതിനുവേണ്ടിയുള്ള സാമ്പത്തിക സഹായം നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. പട്ടികവർഗ്ഗ വിഭാഗത്തിലെ മിടുക്കരായ 30 ആൺകുട്ടികളെയും 30 പെൺകുട്ടികളെയും ഉൾപ്പെടുത്തിയാണ് പഠനയാത്ര സംഘടിപ്പിക്കുന്നത്. ടി കുട്ടികളുടെയും അവരെ അനുഗമിക്കുന്നവരുടെയും യാത്രാച്ചെലവ്, ഭക്ഷണം , താമസം, മറ്റ് ചെലവുകൾ എന്നിവയ്ക്കാണ് ഈ ശീർഷകത്തിൽ തുക വകകൊള്ളിച്ചിരിക്കുന്നത്. നിലവിൽ ട്രെയിൻ യാത്രയാണ് ഈ പദ്ധതി പ്രകാരം ക്രമീകരിച്ചിട്ടുള്ളത്. വരുംവർഷങ്ങളിൽ ഒരു ഭാഗമെങ്കിലും വിമാനയാത്ര നിശ്ചയിച്ചു നൽകുന്നത് കുട്ടികൾക്ക് പുതിയൊരനുഭവമായി മാറുന്നതാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പഠനത്തിൽ മികവ് പുലർത്തുന്ന +2, ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ ഡിഗ്രി,

ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി വിനോദയാത്രയും, പഠനയാത്രയും നടത്തുന്നതിനുവേണ്ടി 2013-2014 സാമ്പത്തിക വർഷം 10 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. എന്നാൽ ടി ആവശ്യത്തിന് അധികമായി 10 ലക്ഷം രൂപ കണ്ടെത്തുന്നതിന് സമിതി ശുപാർശ ചെയ്തിരുന്നു. 2013-2014 സാമ്പത്തിക വർഷം ധനപുനർവിനിയോഗം വഴി 5 ലക്ഷം രൂപകൂടി ടി ആവശ്യത്തിനായി കണ്ടെത്തുകയും 2225-02-277-40-(3) ഭാരതദർശന്—പ്ലാൻ ശീർഷകത്തിൽ ആകെ വകയിരുത്തിയ 15 ലക്ഷം രൂപയിൽ 14,97,564 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

2225-02-794-98— <u>ഗിരിവർഗ്ഗ പ്രദേശ വികസനത്തിനു വേണ്ടിയുള്ള പ്രത്യേക ധനസഹായം</u>

<u>ഖണ്ഡിക നമ്പർ 9</u>

പട്ടികവർഗ്ഗക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള സാമ്പത്തിക ഉന്നമന പരിപാടികളാണ് ഈ പദ്ധതിയനുസരിച്ച് നടപ്പിലാക്കിവരുന്നത്. സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസന ഉപപദ്ധതിക്ക് സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 25% നീക്കി വച്ചിട്ടുള്ളതിനാലും അതിന്റെ ഫലപ്രദമായ വനിയോഗത്തിന് അംഗീകാരമായി കേന്ദ്ര സർക്കാരിൽ നിന്നും പ്രോത്സാഹനമായി ലഭിച്ച 92 ലക്ഷം രൂപയ്ക്കായുള്ള അനുമതി 2011-2012, 2012-2013 സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും പ്രസ്തുത തുക അനുവദിച്ച് നൽകാതിരുന്നതിനാൽ വിനിയോഗിക്കുന്നതിന് കഴിഞ്ഞില്ല. ആയതിനാൽ 2013-2014 സാമ്പത്തിക വർഷത്തിൽ ഈ തുക വിനിയോഗിക്കുന്നതിനു വേണ്ടി ഈ ശീർഷകത്തിൽ 92 ലക്ഷം രൂപ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പട്ടികവർഗ്ഗക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള സാമ്പത്തിക ഉന്നമന പരിപാടികളാണ് ടി പദ്ധതിയനുസരിച്ച് നടപ്പിലാക്കുന്നത്. സംസ്ഥാനത്ത് പട്ടികവർഗ്ഗ ഉപപദ്ധതിക്ക് സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 2% നീക്കി വച്ചിട്ടുള്ളതിനാലും അതിന്റെ ഫലപ്രദമായ വിനിയോഗത്തിന് അംഗീകാരമായി കേന്ദ്ര സർക്കാരിൽ നിന്നും പ്രോത്സാഹനമായി അനുവദിച്ച തുക ചെലവഴിക്കുന്നതിനായി 2011-2012, 2012-2013 സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും പ്രസ്തുത തുക അനുവദിച്ച് നൽകാതിരുന്നതിനാൽ വിനിയോഗിക്കുന്നതിന് കഴിഞ്ഞില്ല. ആയതിനാൽ 2013-2014-ൽ 92 ലക്ഷം രൂപ എസ്.ഡി.ജി. പ്രകാരം ലഭിക്കുന്നതിന് സമിതി ശുപാർശ ചെയ്തിരുന്നു. 2013-2014 വർഷത്തെ എസ്.ഡി.ജി പ്രകാരം 92 ലക്ഷം രൂപ കൂടി അനുവദിക്കുകയും തൻവർഷം

ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

2225-02-800-68— അതിക്രമം തടയുന്നതിനുവേണ്ടിയുള്ള സ്കീം നടപ്പാക്കൽ (50% കേന്ദ്രസഹായം)

ഖണ്ഡിക നമ്പർ 10

പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുക, അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങള്. അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് സൗജന്യ നിയമ സഹായം, ധനസഹായം, ആശ്രിതർക്കുള്ള ധനസഹായം, വീടുകള്, കിണറുകൾ ഭൂമി എന്നിവ നഷ്ടമാകുന്ന കേസുകളിൽ അവ പുനഃസ്ഥാപിക്കുന്നതിനുള്ള ധനസഹായം, കുട്ടികൾക്കുള്ള സൗജന്യ വിദ്യാഭ്യാസം തുടങ്ങി വിവിധ പുനരധിവാസപദ്ധതികൾക്കാണ് തുക വകയിരുത്തിയിരിക്കുന്നത്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുക, അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കൽ എന്നിവയ്ക്കുമായി 2013-2014 സാമ്പത്തിക വർഷം 10 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. എന്നാൽ അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് സൗജന്യ നിയമ സഹായം, ധനസഹായം, ആശ്രിതർക്കുള്ള ധനസഹായം, വീടുകള്, കിണറുകള്, ഭൂമി എന്നിവ നഷ്ടമാകുന്ന കേസുകളിൽ അവ പുനഃസ്ഥാപിക്കുന്നതിനായി 10 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നു . 2013-2014 സാമ്പത്തിക വർഷം ടി ആവശ്യത്തിനായി 20 ലക്ഷം രൂപ ധനപുനർവിനിയോഗം വഴി അനുവദിച്ചിരുന്നു . ആകെ വകയിരുത്തിയ 30 ലക്ഷം രൂപയും ചെലവഴിച്ചു.

2225-02-800-20 —ഏറ്റവും പിന്നോക്കമായ വർഗ്ഗക്കാരുടെ അടിസ്ഥാന സൗകര്യങ്ങളുടെ പുരോഗതി (ഒറ്റത്തവണ അധിക കേന്ദ്ര സഹായം)

ഖണ്ഡിക നമ്പർ 11

2011-2012 സാമ്പത്തിക വർഷം സംസ്ഥാനത്ത് പദ്ധതിയുടെ അടങ്കൽ തുക അധികരിച്ചതിനനുസൃതമായി പട്ടികവർഗ്ഗ ഉപപദ്ധതിയിൽ വന്ന വർദ്ധനവിന് ലഭിച്ച ഒറ്റത്തവണയായുള്ള അധിക കേന്ദ്ര സഹായമായി 420 ലക്ഷം രൂപ ഉപധനാഭ്യർത്ഥനയിലൂടെ ലഭിച്ചിട്ടുണ്ട് അധിക കേന്ദ്ര സഹായമായി ലഭിച്ച തുകയിൽ അവശേഷിക്കുന്ന 260.58 ലക്ഷം രൂപ ഈ സാമ്പത്തിക വർഷംതന്നെ ഉപയോഗിക്കുന്നതിനായി പ്രസ്തുത തുക ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2011-2012 സാമ്പത്തിക വർഷം ഒറ്റത്തവണയായി അധിക കേന്ദ്ര സഹായ പദ്ധതിയ്ക്കായി 420 ലക്ഷം രൂപ ലഭ്യമായി. 2011-2012, 2012-2013 എന്നീ സാമ്പത്തിക വർഷത്തിൽ 150.42

ലക്ഷം രൂപ ചെലവഴിച്ചു. ശേഷിക്കുന്ന തുകയായ 269.58 ലക്ഷം രൂപ 2013-2014ൽ വർഷത്തെ എസ്.ഡി.ജി. മുഖേന ലഭ്യമാക്കുകയും, വയനാട്ടിലെ അടിയ-പണിയ സമുദായക്കാർക്ക് ജീവനോപാധി പ്രവർത്തനങ്ങൾ നടത്തുന്നതിന് മിൽമയുടെ മലബാർ റീജിയണൽ കോ-ഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ (MRCMPU) കോഴിക്കോട്ടു മുഖേന പദ്ധതി നിർവ്വണത്തിനായി അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

2225-02-800-90— <u>മിശ്രവിവാഹങ്ങൾ</u>

<u>ഖണ്ഡിക നമ്പർ 12</u>

മിശ്രവിവാഹിതർക്ക് ധനസഹായം നൽകുന്നതിനായി ധാരാളം അപേക്ഷകൾ ലഭിക്കുന്നതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ് . ആകയാൽ ഈ ശീർഷകത്തിൽ 24 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

മിശ്രവിവാഹിതർക്ക് ധനസഹായം നൽകുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിൽ ലഭിക്കുന്ന അപേക്ഷകൾ പൂർണ്ണമായും ഫണ്ടിന്റെ അപര്യാപ്തതമൂലം അനുവദിക്കാനാകുന്നില്ല. 2013-2014 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ 6 ലക്ഷം രൂപ അപര്യാപ്തമാണ്. മേൽ സാഹചര്യത്തിൽ 24 ലക്ഷം രൂപകൂടി അധികമായി വകയിരുത്തുന്നതിന് സമിതി ശുപാർശ ചെയ്തിരുന്നു. 2013-2014 സാമ്പത്തിക വർഷം ടി ആവശ്യത്തിനായി 24 ലക്ഷം രൂപ അധികമായി ലഭിച്ചിരുന്നു. ആകെ ലഭ്യമായ 30 ലക്ഷം രൂപയിൽ 28,20,000 രൂപയും ചെലവഴിച്ചു.

2225-02-277-94— <u>ഗിരിവർഗ്ഗ ഹോസ്റ്റൽ</u> 34— മറ്റ് ചെലവുകൾ

<u>ഖണ്ഡിക നമ്പർ 13</u>

പട്ടികവർഗ്ഗ വികസന വകുപ്പിലെ പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക് അനുവദിച്ചിരിക്കുന്ന മെസ് ചാർജ് ഒഴികെയുള്ള അലവൻസുകൾ നിലവിലുള്ള നിരക്കിൽ നിന്നും, 50% വർദ്ധിപ്പിക്കുന്നതിനും, പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ മെസ് ചാർജ് 1,300 രൂപയിൽ നിന്നും 2,000 രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുള്ളതിനാലും, പാചക വാതക സിലിണ്ടറുകളുടെ വില വർദ്ധനവിന്റെ പശ്ചാത്തലത്തിലും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാലും, ഈ ശീർഷകത്തിൽ 150 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പട്ടികവർഗ്ഗ വകുപ്പിലെ പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ മെസ് ചാർജ് ഒഴികെയുള്ള

അലവൻസുകൾ നിലവിലുള്ള നിരക്കിൽ നിന്നും, 50% വർദ്ധിപ്പിച്ചിട്ടുണ്ട്. മെസ്ചാർജ് 1,300 രൂപയിൽ നിന്നും 2,000 രൂപയായും 2,000 രൂപയിൽ നിന്നും 2,300 രൂപയായും വർദ്ധി പ്പിച്ച സാഹചര്യത്തിലും 150 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നു . ടി ആവശ്യത്തിനായി 100 ലക്ഷം രൂപ അധികമായി 2013-2014-ലെ ഉപധനാഭ്യർത്ഥന പ്രകാരം ലഭിച്ചിട്ടുണ്ട്. ടി തുക പൂർണ്ണമായും ചെലവഴിച്ചു.

2225-02-277-89— നഴ്സറി സ്കൂൾ

ഖണ്ഡിക നമ്പർ 14

പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിൽ 14 നഴ്സറി സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. ഈ സ്കൂളുകൾ 1995-1996-ൽ ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയെങ്കിലും നഴ്സറി സ്കൂൾ ടീച്ചര്, ആയ എന്നിവരുടെ ശമ്പളവും മറ്റ് അലവൻസുകളും, കുട്ടികളുടെ ഉച്ച ഭക്ഷണത്തിനുള്ള ചെലവും പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നുമാണ് നൽകുന്നത്. 2012-2013 പി.എസ്.സി. വഴി അധ്യാപകനിയമനം നടക്കാത്തതിനാൽ കരാർ അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കേണ്ടിവന്നതിനാലും അവരുടെ കുടിശ്ശിക ശമ്പളം നൽകേണ്ടതിനാലും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. കുടിശ്ശിക തുക കൊടുത്തുതീർക്കുന്നതിനും സാധനങ്ങളുടെ വിലക്കയറ്റംമൂലമുണ്ടാകുന്ന അധിക ചെലവ് വഹിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന നഴ്സറി സ്കൂളുകളിലെ ടീച്ചര്, ആയ എന്നിവരുടെ ശമ്പളവും മറ്റ് അലവൻസുകളും കുട്ടികളുടെ ഉച്ച ഭക്ഷണത്തിനുള്ള ചെലവും പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നുമാണ് നൽകുന്നത്. ടി ആവശ്യത്തിനായി നൽകിവരുന്ന തുക അപര്യാപ്തമായതിനാൽ ഒരു കുട്ടിയ്ക്ക് പ്രതിദിനം 50 രൂപ വച്ച് നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. 2013-2014 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 2.5 ലക്ഷം രൂപയിൽ നിന്നും ശമ്പള കുടിശ്ശിക, കുട്ടികളുടെ ഉച്ച ഭക്ഷണത്തിനുള്ള ചെലവ് എന്നിവ കണ്ടെത്തിയിരുന്നതിനാൽ തുക അധികമായി വേണ്ടി വന്നില്ല.

2225-02-277-47—വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ —06-വാടക-കരം നികുതി

ഖണ്ഡിക നമ്പർ 15

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാങ്കേതിക തൊഴിലുകളിൽ പരിശീലനം നൽകുന്നതിനുവേണ്ടി തയ്യൽ പരിശീലന കേന്ദ്രങ്ങള്, മാതൃകാ പരിശീലന കേന്ദ്രങ്ങൾ തുടങ്ങി 12 സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. പരിശീലന കേന്ദ്രങ്ങൾക്ക് മുൻ വർഷങ്ങളിലെ കുടിശ്ശികയായി 6.5 ലക്ഷം രൂപ നൽകേണ്ടതിനാലും നടപ്പ് വർഷത്തെ

വാടക നൽകുന്നതിനായി 3.5 ലക്ഷം രൂപകൂടി ആവശ്യമായതിനാലും ഈ ശീർഷകത്തിൽ 8 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ സാങ്കേതിക പരിശീലന കേന്ദ്രങ്ങള്, തൊഴിലുകളിൽ പരിശീലനം നൽകുന്നതിനായി തയ്യൽ പരിശീലന കേന്ദ്രങ്ങള്, മാതൃകാ പരിശീലന കേന്ദ്രങ്ങൾ തുടങ്ങി 12 സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. പരിശീലനങ്ങൾക്ക് മുൻവർഷങ്ങളിലെ കുടിശ്ശികയായി 6.5 ലക്ഷം രൂപ നൽകേണ്ടതിനാലും നടപ്പ് വർഷത്തെ വാടക നൽകുന്നതിനും
3.5 ലക്ഷം രൂപകൂടി ആവശ്യമായതിനാലും അധികമായി 8 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും അഡിഷണൽ ഓതറൈസേഷനായി സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിക്കാതെ ധനപുനർവിനിയോഗം മുഖേന ഫണ്ട് കണ്ടെത്തുന്നതിന് ധനവകുപ്പ് ആവശ്യപ്പെടുകയാണുണ്ടായത്. എന്നാൽ ധനപുനർവിനിയോഗം മുഖേന ഫണ്ട് കണ്ടെത്തുന്നതിന് സാധിച്ചില്ല.

<u>ഖണ്ഡിക നമ്പർ 16</u>

കണ്ണൂർ ജില്ലയിലെ ആറളത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിന്റെ പ്രാരംഭച്ചെലവുകൾക്കായി ഒരു കോടി രൂപ പ്രത്യേക ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ആറളത്ത് മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനായി 10 ഏക്കർ സ്ഥലം ലഭ്യമായിരുന്നു. ടി സ്ഥലത്ത് കെട്ടിടം പണിയുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. 2014-2015 വർഷം ടി സ്കൂൾ താല്കാലികമായി ആറളത്ത് ആരംഭിക്കുന്നതിനായുള്ള താല്കാലിക കെട്ടിട നിർമ്മാണത്തിന് 53.50 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 17</u>

അട്ടപ്പാടിയിൽ അഗളി കേന്ദ്രമാക്കി പെൺകുട്ടികൾക്കായി ഒരു ഹോസ്റ്റൽ സ്ഥാപിക്കുന്നതിന്റെ പ്രാരംഭച്ചെലവുകൾക്കായി 30 ലക്ഷം രൂപ പ്രത്യേക ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അട്ടപ്പാടി കേന്ദ്രമാക്കി ഒരു പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

<u>ഖണ്ഡിക നമ്പർ 18</u>

പട്ടികവർഗ്ഗക്കാർക്കിടയില്, ധാരാളം വംശീയ വൈദ്യന്മാരുണ്ട്. ഇവർക്ക് ഇപ്പോഴത്തെ ജോലി തുടർന്ന് നടത്തുന്നതിനും ഗവേഷണങ്ങൾ നടത്തുന്നതിനുമായി വർഷത്തിൽ 10,000 രൂപ വീതം ധനസഹായം നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നതിനാൽ 25 ലക്ഷം രൂപ പ്രത്യേക ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പട്ടികവർഗ്ഗക്കാർക്കിടയിലെ വംശീയ വൈദ്യന്മാർക്ക് ഇപ്പോഴത്തെ ജോലി തുടർന്ന് നടത്തുന്നതിനും, ഗവേഷണങ്ങൾ നടത്തുന്നതിനുമായി വർഷത്തിൽ 10,000 രൂപ വീതം ധനസഹായം നൽകുന്നതിനായി 2013-2014 സാമ്പത്തിക വർഷം 2225-02-277-36 എന്ന ശീർഷകത്തിൽ 30,00,000 രൂപ ലഭിക്കുകയും, ടി തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 19</u>

തൊഴിലില്ലാത്ത അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീയുവാക്കളിൽ 1000 പേർക്ക് സ്വയംതൊഴിലിലൂടെ ജീവനോപാധി കണ്ടെത്തുന്നതിന് ധനസഹായം നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. ഫോട്ടോകോപ്പി മെഷീൻ സ്ഥാപിക്കല്. ഡ.റ്റി.പി. സെന്റര്, തയ്യൽ യൂണിറ്റുകൾ തുടങ്ങിയവയ്ക്കായി പരമാവധി 1 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിനായി 50 ലക്ഷം രൂപ പ്രത്യേക ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

തൊഴിലില്ലാത്ത അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് 2013-2014 വർഷത്തിൽ കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി ആർട്ടിക്കിൾ 275(1) പദ്ധതി പ്രകാരം (2225-02-800-29) പരമാവധി ഒരു ലക്ഷം രൂപവരെ ധനസഹായം നൽകുന്നതിനായി 590 കുടുംബങ്ങൾക്ക് പെട്ടിക്കട, റബ്ബർ റോളര്, തയ്യൽ യൂണിറ്റുകള്, കോഴി വളർത്തല്, ആട് വളർത്തൽ തുടങ്ങിയ പദ്ധതികൾക്കായി 311.03 ലക്ഷം രൂപ ചെലവഴിച്ചു. ടി വർഷം പ്രത്യേക ശീർഷകത്തിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ല.

2225-80-195-99-31—<u>പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ സ്ഥാപനങ്ങളുടെ സംസ്ഥാന ഫെഡറേഷൻ</u> (100% കേന്ദ്രാവിഷ്കൃതം)

ഖണ്ഡിക നമ്പർ 20

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന ഫെഡറേഷന്റെ അംഗ സംഘങ്ങളിലെ 800-ൽ അധികം വരുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വനവിഭവങ്ങൾ ശേഖരിക്കുന്നതിലൂടെ തൊഴിൽ നൽകുന്നതിനും, വനവിഭവ ശേഖരണത്തിനായി ഫെഡറേഷൻ അംഗസംഘങ്ങൾക്ക് നൽകിയിട്ടുള്ള സാമ്പത്തിക സഹായം തിരികെ ഫെഡറേഷന് ലഭിക്കാത്തതിനാലുള്ള പ്രവർത്തനനഷ്ടം നികത്തുന്നതിനും, പട്ടികവർഗ്ഗ സംഘങ്ങളുടെ മേൽനോട്ടത്തിൽ വിവിധതരം ഔഷധച്ചെടികൾ വളർത്തുന്നതിന് സംഘങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനും, ഫെഡറേഷന്റെ ഔഷധ നിർമ്മാണ യൂണിറ്റായ ആയുർധാരയുടെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിനും വേണ്ടി ഈ ശീർഷകത്തിൽ 625 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ പദ്ധതി 100% കേന്ദ്ര സഹായ പദ്ധതിയായതിനാൽ പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ നേരിട്ട് പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിരുന്നു സർക്കാർ അത് കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുകയും, കേന്ദ്ര ഗവൺമെന്റിൽ നിന്നും തുക ലഭ്യമാകുന്ന മുറയ്ക്ക് വകുപ്പ് ഉപധനാഭ്യർത്ഥന മുഖേന ഫണ്ട് ലഭ്യമാക്കി പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന് അനുവദിക്കുകയാണ് പതിവ്. മേൽ സാഹചര്യത്തിൽ അധിക തുക കേന്ദ്ര സർക്കാരിൽ നിന്നും ആവശ്യപ്പെടാൻ നിർവ്വാഹമില്ല. 2013-2014 സാമ്പത്തികവർഷം ഫെഡറേഷന് 4 ലക്ഷം രൂപ അനുവദിച്ചു. ആയത് പൂർണ്ണമായി ചെലവഴിച്ചു.

2225-80-800-96—(നോൺ പ്ലാന്) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനുള്ള കമ്മീഷൻ

ഖണ്ഡിക നമ്പർ 21

2012 ജനുവരി 4-ന് അധികാരമേറ്റ കമ്മീഷന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. കമ്മീഷന്റെ സുഗമമായ പ്രവർത്തനങ്ങൾക്കായി താഴെപ്പറയുംപ്രകാരം അധിക തുക ആവശ്യമാണ് :

(രൂപ ലക്ഷത്തില്)

| | | |
|---|---|---|
| 1. കമ്മീഷന്റെ വെബ്സൈറ്റ് | .. | 5 |
| 2. താലൂക്ക്തല അദാലത്ത് ബോധവല്ക്കരണ പരിപാടികൾ | .. | 20 |
| 3. ജില്ലാതല സ്പെഷ്യൽ അദാലത്തുകൾ | .. | 15 |
| 4. കമ്പ്യൂട്ടറുകളും ഫർണിച്ചറുകളും | .. | 25 |

5. ത്രൈമാസ/വാർഷിക റിപ്പോർട്ട് തയ്യാറാക്കൽ .. 6

6. നിയമങ്ങൾ മലയാളത്തിലേക്ക് വിവർത്തനം .. 4

7. ഓഫീസ് നവീകരണം .. 20

ഖണ്ഡിക നമ്പർ 22

മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി ആകെ 95 ലക്ഷം രൂപ അധികമായി ആവശ്യമുള്ളതിനാൽ അത്രയും തുക ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി (ഖണ്ഡിക നമ്പർ 21, 22)

2013-2014 സാമ്പത്തിക വർഷത്തിൽ പട്ടികജാതി പട്ടിക ഗോത്ര വർഗ്ഗ കമ്മീഷന്റെ മേല്പറഞ്ഞ പ്രവർത്തനങ്ങൾക്കായി തുകയൊന്നും അനുവദിച്ചിട്ടില്ലെന്ന് കമ്മീഷൻ അറിയിച്ചിട്ടുണ്ട്.

2225-02-794-92—പ്രാചീന വർഗ്ഗക്കാരുടെ പുരോഗതിക്കു വേണ്ടിയുള്ള 100% കേന്ദ്ര വിഹിതം

ഖണ്ഡിക നമ്പർ 23

പ്രാക്തന ഗോത്ര വർഗ്ഗക്കാരുടെ ഉന്നമനത്തിനായി പട്ടിക വർഗ്ഗ വികസന വകുപ്പിന് കേന്ദ്ര സർക്കാരിന്റെ 100% ധനസഹായത്തിൽ ഉൾപ്പെടുത്തി 2009-2010, 2010-2011, 2011-2012 സാമ്പത്തിക വർഷങ്ങളിലായി കൺസർവേഷൻ കം ഡെവലപ്പമെന്റ് പ്ലാൻ എന്ന ശീർഷകത്തിൽ 12.10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക മുഴുവനും അടിയന്തിരമായി നടപ്പ് സാമ്പത്തിക വർഷം തന്നെ ചെലവഴിക്കുകയാണെങ്കിൽ മാത്രമേ 12-ാം പഞ്ചവത്സര പദ്ധതി കാലയളവിലെ സി.സി.ഡി പ്ലാൻ വിഹിതം ലഭ്യമാകുകയുള്ളൂ. 2013-2014 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 1,000 രൂപ ടോക്കൺ പ്രൊവിഷനായി ഉൾപ്പെടുത്തിയിട്ടുണ്ട്. ആകയാൽ 2013-2014 സാമ്പത്തിക വർഷത്തെ ആദ്യ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 12.10 കോടി രൂപ പട്ടികവർഗ്ഗ വികസന വകുപ്പിന് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രാക്തന ഗോത്ര വർഗ്ഗക്കാരുടെ ഉന്നമനത്തിനായി 2011-2012 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ പട്ടികവർഗ്ഗ വികസന വകുപ്പിന് കൺസർവേഷന്-കം-

ഡെവലപ്പമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി 12.10 കോടി രൂപ അനുവദിക്കുകയും ടി സാമ്പത്തിക വർഷത്തിലെ ആദ്യ ഉപധനാഭ്യർത്ഥനയിൽ 12.10 കോടി രൂപ വകുപ്പിന് ലഭിക്കുകയും ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം അടിസ്ഥാന സൗകര്യങ്ങൾ മുതലായ പദ്ധതികൾക്ക് തുക ചെലവഴിക്കുകയും ചെയ്തു.

2225-02-800-21—പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ്

ഖണ്ഡിക നമ്പർ 24

13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക ഉപയോഗിച്ച് കേരളത്തിലെ പ്രത്യേക ദുർബ്ബല ഗോത്രവർഗ്ഗ വിഭാഗക്കാരുടെ സർവ്വതോമുഖമായ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. 2011-2012, 2012-2013 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച 74 കോടി രൂപയിൽ 2011-2012 വർഷം പ്രോജക്ട് ഓഫീസര്/ട്രൈബൽ ഡെവ വലപ്മെന്റ് ഓഫീസർമാരുടെ പുനരധിവാസ വികസനമിഷൻ അക്കൗണ്ടിൽ നിക്ഷേപിച്ച 7 കോടി രൂപയും അഹാഡ്സിനനുവദിച്ച 16 കോടി രൂപയിൽ ചെലവഴിക്കാതെ വന്ന 99,35,000 രൂപയും ഉൾപ്പെടെ 7,99,35,000 രൂപ, ഈ വർഷത്തെ ബഡ്ജറ്റ് വിഹിതത്തോടൊപ്പം വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിന് ലക്ഷ്യമിടുന്നു. കാസർഗോഡ് ജില്ലയിലെ കൊറഗര്, വയനാട്, കോഴിക്കോട്, ജില്ലകളിലെ കാട്ടുനായ്ക്കന്, മലപ്പുറം ജില്ലയിലെ ചോലനായ്ക്ക്ക്കര് , പാലക്കാട്, അട്ടപ്പാടി മേഖലയിലെ കുറുമ്പര്, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ കാടർ തുടങ്ങിയ അതീവ ദുർബ്ബല ഗോത്രവർഗ്ഗക്കാരുടെ ഉന്നമനത്തിന് 13-ാംധനകാര്യ കമ്മീഷൻ അവാർഡ് തുക ഉപയോഗിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി 4843.60 ലക്ഷം രൂപ കൂടി ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2013-2014-ൽ ബഡ്ജറ്റ് വിഹിതമായി ലഭിച്ചിരുന്ന 37 കോടി രൂപയും പ്രോജക്ട് ഓഫീസര്/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരുടെ TRDM അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന 7 കോടി രൂപയും, അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭ്യമായ 64 കോടി രൂപയും, പി.വി.ടി.ജി. പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട് . ഇതുകൂടാതെ സി.സി.ഡി. പദ്ധതി പ്രകാ രം 12.10 കോടി രൂപയും ലഭിച്ചിരുന്നു. അഹാഡ്സിന് നൽകിയതിൽ ചെലവഴിക്കുവാൻ സാധിക്കാത്ത 99,35,000 രൂപ ലഭിച്ചിട്ടില്ല. 2011-2012-ൽ ലഭ്യമായ 11.55 കോടി രൂപയിൽ (37 കോടി കണക്കാക്കിയാല്) ഇനിയും

ലഭിക്കാനുള്ള 25.45 കോടി രൂപയും 99.35 ലക്ഷം രൂപയും ചേർത്ത് 26.44 കോടി രൂപ ലഭ്യമാക്കേണ്ടതുണ്ട് . 148 കോടിയിൽ ഇതുവരെ 103.52 കോടി ചെലവഴിച്ചിട്ടുണ്ട്. (31-3-2014 വരെ) ഇനിയും ചെലവഴിക്കാനുള്ള 44.48 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

4225-01-190-99—കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് ഓഹരി മൂലധനം (51% സംസ്ഥാന വിഹിതം)

4225-02-190-99—പട്ടികവർഗ്ഗ വികസന പരിപാടികൾ ഏറ്റെടുക്കുന്നതിനായി കേരള സംസ്ഥാന പട്ടികജാതി പട്ടിക വർഗ്ഗ കോർപ്പറേഷന് (ഓഹരി മൂലധനം 49% കേന്ദ്ര സഹായം )

ഖണ്ഡിക നമ്പർ 25

കോർപ്പറേഷന് ഗുണഭോക്താക്കളുടെ ആവശ്യങ്ങൾക്ക് അനുസൃതമായി കൃഷിഭൂമി വായ്പ, സ്വയം തൊഴിൽ വായ്പ, വിവാഹ വായ്പ തുടങ്ങിയവ നൽകുന്നതിനായി എസ്.സി.പി. ഇനത്തിൽ 970 ലക്ഷം രൂപയും റ്റി.എസ്.പി. ഇനത്തിൽ 30,60,000 രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് SCP, TSP ഇനങ്ങളിലായി ഓഹരി മൂലധന വിഹിതം വിതരണം ചെയ്യുന്നതിനായി 2013-2014 വർഷത്തെ ബഡ്ജറ്റിൽ '4225-01-190-99-SCP ' ശീർഷകത്തിൽ വകയിരുത്തിയിരുന്ന 560 ലക്ഷം രൂപയും (51% സംസ്ഥാന വിഹിതം), '4225-02-190-99-TSP ' ശീർഷകത്തിൽ വകയിരുത്തിയിരുന്ന 20.40 ലക്ഷം രൂപയും (51% സംസ്ഥാന വിഹിതം) കോർപ്പറേഷന് അനുവദിച്ച് നൽകുന്നതിന് പട്ടികജാതി വികസന ഡയറക്ടർക്കും പട്ടികവർഗ്ഗ വികസന ഡയറക്ടർക്കും അനുമതി നൽകിയിരുന്നു.

SCP ഇനത്തിലും TSP ഇനത്തിലും അധിക തുക അനുവദിക്കണമെന്ന് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടില്ല. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പരിധിയിൽവരുന്ന ടി പദ്ധതിക്കുള്ള ഓഹരി മൂലധനം പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് 51:49 അനുപാതത്തിൽ സംസ്ഥാന സർക്കാരും, കേന്ദ്ര സർക്കാരും നൽകിവരുന്നു. സംസ്ഥാന സർക്കാരിന്റെ 51% അനുപാതത്തിൽ വരുന്ന പദ്ധതിവിഹിതം സർക്കാരിന്റെ അനുമതിയോടു കൂടി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്ന 2013-2014 സാമ്പത്തികവർഷം സംസ്ഥാന വിഹിതമായി 20.40 ലക്ഷം രൂപ പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

**പിന്നോക്ക സമുദായ വികസന വകുപ്പ്**

2225-03-277-92—മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്

ഖണ്ഡിക നമ്പർ 26

മാതാപിതാക്കളുടെ വാർഷിക വരുമാനം 44,500 രൂപയിൽ കുറവുള്ള മറ്റ് പിന്നോക്ക

വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പാണിത്. സംസ്ഥാനത്തെ സർക്കാര്/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന 6 ലക്ഷത്തിൽപ്പരം അർഹരായ കുട്ടികളിൽ പകുതിയിൽത്താഴെ കുട്ടികൾക്ക് മാത്രമേ 2012-2013 സാമ്പത്തികവർഷം സ്കോളർഷിപ്പ് അനുവദിക്കാൻ സാധിച്ചിട്ടുള്ളൂ. 2013-2014 സാമ്പത്തികവർഷം അർഹരായ മുഴുവൻ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 28 കോടി രൂപ അധികമായി വകയിരുത്തണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്ത് 50% കേന്ദ്ര സഹായമുള്ള ഒ.ബി.സി. പ്രീമെട്രിക് പദ്ധതി 2012-2013-ൽ ആകെ ചെലവഴിച്ചത് 2568 ലക്ഷമാണ് . ഇതിൽ കേന്ദ്ര വിഹിതമായി 2012-2013-ൽ ലഭിച്ചത്. 3.8324 കോടി രൂപ മാത്രമാണ്. 2013-2014 വകയിരുത്തി യ 3200 ലക്ഷം രൂപയിൽ 1600 ലക്ഷം കേന്ദ്രവിഹിതവും 1600 ലക്ഷം സംസ്ഥാന വിഹിതവുമാണ്. 2013-2014 സാമ്പത്തിക വർഷം കേന്ദ്ര വിഹിതമായി ലഭിച്ചത് 3.88 കോടി രൂപയാണ്. സംസ്ഥാന വിഹിതം ഉൾപ്പെടെ 7.76 കോടി രൂപ G.O. (Rt.) 26/2014/പി.സ.വി.വ. തീയതി 13-2-2014 പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ബഡ്ജറ്റിൽ വകയിരുത്തുന്നതിന് ആനുപാതികമായി 50% കേന്ദ്ര സഹായം ലഭിക്കാത്ത സാഹചര്യത്തില്, 28 കോടി രൂപ അധികമായി വകയിരുത്തണമെന്ന സമിതിയുടെ ശുപാർശയിന്മേൽ അധിക തുക ലഭ്യമായിട്ടില്ല.

<u>ഖണ്ഡിക നമ്പർ 27</u>

പിന്നോക്ക വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതി ൽ കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള മാനദണ്ഡങ്ങളിൽ സംസ്ഥാനം മാറ്റം വരുത്തിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഇത് ശരിയായ നടപടിയല്ലായെന്ന് നിരീക്ഷിക്കുന്നതോടൊപ്പം കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങളിൽ മാറ്റംവരുത്താതെതന്നെ അർഹരായ കൂടുതൽ കുട്ടി കൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സർക്കാർതലത്തിൽ കൈക്കൊള്ളേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പിന്നോക്ക വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതി ൽ കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള മാനദണ്ഡങ്ങളിൽ സംസ്ഥാനം മാറ്റം വരുത്തിയിട്ടില്ല . കേന്ദ്രമാനദണ്ഡങ്ങൾ പാലിച്ച് അതേപോലെ ടി സ്കീം നടപ്പിലാക്കിയാൽ 18 ലക്ഷത്തോളം അപേക്ഷകർ ഉണ്ടാവുകയും 100 കോടി രൂപ ആവശ്യമായി വരുകയും ചെയ്യും. 50% കേന്ദ്ര സഹായ

പദ്ധതി പ്രകാരമുള്ള ഈ പദ്ധതിയിൽ കേന്ദ്രവിഹിതമായി യഥാർത്ഥത്തിൽ ലഭിക്കേണ്ട തുകയുടെ 24% മാത്രമാണ് 2013-2014 ഇതേവരെ കേന്ദ്രത്തിൽ നിന്നും ലഭിച്ചത്. കേന്ദ്ര സഹായം പൂർണ്ണതോതിൽ ലഭിക്കാത്ത സാഹചര്യത്തില്, ഒ.ബി.സി. ആയാലും മൈനോരിറ്റി ആയാലും ഏതെങ്കിലും ഒരു സ്രോതസ്സിൽ നിന്ന് മാത്രമേ സ്കോളർഷിപ്പ് സ്വീകരിക്കാവൂ എന്ന കേന്ദ്രമാനദണ്ഡം കർശനമായി പാലിക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അർഹരായ പരമാവധി ഒ.ബി.സി. വിഭാഗം കുട്ടികൾക്ക് ലഭ്യമാക്കുന്നതിനും വേണ്ടിയാണ് ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് ലഭിക്കുന്നതിന് മറ്റ് സ്കോളർഷിപ്പുകൾ ലഭിക്കുന്നവർ അപേക്ഷിക്കേണ്ടതില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

2225-03-800-99—പിന്നോക്ക വിഭാഗക്കാർക്കുള്ള സംസ്ഥാന കമ്മീഷൻ

ഖണ്ഡിക നമ്പർ 28

പിന്നോക്ക വിഭാഗക്കാർക്കുള്ള കേരള സംസ്ഥാന കമ്മീഷൻ വെബ് പോർട്ടൽ ആരംഭിക്കുന്നതിനും കമ്മീഷൻ അംഗങ്ങൾക്ക് ഔദ്യോഗിക വാഹനം വാങ്ങുന്നതിനുമായി 2225-03-800-99 ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പിന്നോക്ക വിഭാഗക്കാർക്കുള്ള കേരള സംസ്ഥാന കമ്മീഷൻ വെബ് പോർട്ടൽ തുടങ്ങുന്നത് സംബന്ധിച്ച് നടത്തിയ ചർച്ചകളിൽ പുതുതായി വെബ് പോർട്ടൽ ഡിസൈൻ ചെയ്യുന്നതിന് പകരം NIC-യുടെ സഹകരണത്തോടുകൂടി കേരള സർക്കാരിന്റെ SPARK SOFTWARE വഴി കമ്മീഷന് ആവശ്യമായ വെബ് പോർട്ടൽ തുടങ്ങുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കും സജ്ജീകരണങ്ങൾ ക്കുമായി 5 ലക്ഷം രൂപ മാത്രമേ ആവശ്യമുള്ളൂ. പുതിയ അംഗത്തിന് ഔദ്യോഗിക വാഹനം വാങ്ങുന്നതിനുപകരം, ചെയർമാന് പുതിയ കാർ അനുവദിച്ച സാഹചര്യത്തില് , അദ്ദേഹം ഉപയോഗിച്ചിരുന്ന പഴയ കാർ അറ്റകുറ്റപ്പണി നടത്തി ഉപയോഗിക്കാൻ തീരുമാനിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ 2225-03-800-99 ശീർഷകത്തിൽ കമ്മീഷന്റെ 2013-2014 വർഷത്തെ പ്രവർത്തനത്തിന് സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്ത അധിക തുക ആവശ്യമില്ല.

2225-03-800-99—(നോൺ പ്ലാന്)—ഒ.ബി.സി.-ക്കുള്ള അഡ്വക്കേറ്റ് ഗ്രാന്റ്

ഖണ്ഡിക നമ്പർ 29

പിന്നോക്ക സമുദായങ്ങളിലെ നിയമ ബിരുദധാരികളെ ജുഡീഷ്യൽ ഓഫീസർമാരായി ഉയർത്തുന്നത് പ്രോത്സാഹനം നൽകുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. കഴിഞ്ഞവർഷം തെരഞ്ഞെടുക്കപ്പെട്ടവർക്ക് രണ്ടാം വർഷവും ആനുകൂല്യം നൽകുന്നതിനും പുതിയ

ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനുമായി ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂവെന്നതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പിന്നോക്ക സമുദായങ്ങളിലെ നിയമ ബിരുദധാരികളെ ജുഡീഷ്യൽ ഓഫീസർമാരായി ഉയർത്തുന്നതിന് പ്രോത്സാഹനം നൽകുന്നതിനായി കഴിഞ്ഞവർഷം തെരഞ്ഞെടുക്കപ്പെട്ട വർക്ക് രണ്ടാം വർഷവും ആനുകൂല്യം നൽകുന്നതിനും പുതിയ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനുമായി 2225-03-800-81 (NP/voted) എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 11,25,000 രൂപ അനുവദിച്ചിട്ടുണ്ട്.

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

2235-60-200-72-2—തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീട്ടിനുള്ളിൽത്തന്നെ കഴിയേണ്ടിവരുന്നവർക്കുള്ള സഹായം (ആശ്വാസ സകിരണം)

ഖണ്ഡിക നമ്പർ 30

ശയ്യാവലംബികളായുള്ള നിത്യരോഗികളെ പരിചരിക്കുന്നവർക്ക് സഹായം നൽകുന്ന ഒരു പദ്ധതിയാണിത്. ഡിമാൻഷ്യാ, ന്യൂറോളജിക്കൽ ഡിസെബിലിറ്റീസ് എന്നീ രോഗങ്ങളുള്ള വയോജനങ്ങളെ പരിചരിക്കുന്നതിന് ഒരു സമഗ്ര പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതിനാലും സെറിബ്രൽ പാഴ്സി, ബുദ്ധിമാന്ദ്യം, ഓട്ടിസം, മാനസിക വൈകല്യം എന്നിവ നേരിടുന്നവർക്ക് ധനസഹായം നൽകുന്നതിനായി വരുമാനപരിധി ഉയർത്തിക്കൊണ്ട് സർക്കാർ ഉത്തരവ് (നമ്പർ 60/12 സാ.ക്ഷേ.വ. തീയതി 11-10-2012) പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിലും ഗുണഭോക്താക്കളുടെ എണ്ണം 50000-ൽ അധികം വരുന്നതിനാലും ആശ്വാസകിരണം പദ്ധതി പ്രകാരം 525 രൂപ നിരക്കിൽ ധനസഹായം വർദ്ധിപ്പിച്ച് നൽകുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയി രിക്കുന്ന തുക അപരാപ്തമായതിനാൽ ഈ ശീർഷകത്തിൽ 11.50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2013-2014 സാമ്പത്തികവർഷം പ്രസ്തുത പദ്ധതിക്കായി അധിക തുക വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും ആയത് അനുവദിക്കുകയുണ്ടായില്ല. ആയതിനാൽ 2014-2015 സാമ്പത്തികവർഷം പ്രസ്തുത പദ്ധതിക്കാവശ്യമുള്ള അധിക തുക അധിക ധനസഹായം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കേരള സാമൂഹ്യ സുരക്ഷാ മിഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2235-60-200-72(03)—അവിവാഹിതരായ അമ്മമാരുടെയും അവരുടെ കുട്ടികളുടെയും പുനരധിവാസം (സ്നേഹസ്പർശം)

ഖണ്ഡിക നമ്പർ 31

അവിവാഹിതരായ അമ്മമാരുള്ള പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്കും കൂടാതെ ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്കും പ്രതിമാസം 1,000 രൂപ ധനസഹായം നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. ഏറ്റവും ദയനീയവും മനുഷ്യത്വരഹിതവുമായ ചൂഷണത്തിനിരയാകുന്ന ഇത്തരക്കാരുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരനടപടികൾ സമയബന്ധിതമായി ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതുണ്ട്. നിലവിൽ 1000 ഗുണഭോക്താക്കളുള്ള ഈ പദ്ധതിയിൽ പുതുതായി 500-ൽപ്പരം അപേക്ഷകൾ ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത പദ്ധതിക്കായി അധിക തുക വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചുവെങ്കിലും ടി പദ്ധതിയുടെ ചെലവ് നടപ്പു സാമ്പത്തികവർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിയന്ത്രിക്കുന്നതിനും 2014-2015 സാമ്പത്തികവർഷം മതിയായ ബഡ്ജറ്റ് വിഹിതം വകയിരുത്തുന്നതിന് ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കുവാനുമാണ് ടി വകുപ്പ് നിർദ്ദേശിച്ചത്. 2014-2015-ലെ വാർഷിക പദ്ധതികളുടെ നടപടിക്രമങ്ങൾ നിലവിൽ പൂർത്തീകരിച്ചു കഴിഞ്ഞതിനാൽ ടി സാമ്പത്തികവർഷം അധിക ധനസഹായം/ഉപധനാഭ്യർത്ഥന വഴി പ്രസ്തുത പദ്ധതിക്കാവശ്യമായ അധിക തുക കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

2235-60-200-72 (04)—എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സമഗ്രപാക്കേജ്

ഖണ്ഡിക നമ്പർ 32

സംസ്ഥാനത്ത് എൻഡോസൾഫാൻമൂലം ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസ നടപടികൾ കൈക്കൊള്ളുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. എൻഡോസൾഫാൻമൂലം ശയ്യാവലംബി
കളായുള്ള രോഗികൾക്ക് 2,000 രൂപ നിരക്കിലും വികലാംഗപെൻഷൻ വാങ്ങുന്ന രോഗികൾക്ക് 1,700 രൂപ നിരക്കിലും മറ്റ് രോഗികൾക്ക് 1,000 രൂപ നിരക്കിലും ധനസഹായം നൽകിവരുന്നു. കൂടാതെ ഈ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ 1 മുതൽ 7 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 1,000 രൂപ; 8 മുതൽ 10 വരെ ക്ലാസ്സുകളിൽ ഉള്ളവർക്ക് 2,000 രൂപ; 11, 12 ക്ലാസ്സുകളിൽ ഉള്ളവർക്ക് 2,500 രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. എൻഡോസൾഫാൻ ദുരിതബാധിതരെ പരിചരിക്കുന്നവർക്ക് പ്രതിമാസം 700 രൂപ നിരക്കിൽ ധനസഹായം

നൽകുന്നതിനും ദുരിത മേഖലയിൽ വരുന്ന പഞ്ചായത്തുകൾക്ക് ആംബുലൻസ് വാങ്ങുന്ന്ന പദ്ധതിയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകളിലെ ജീവനക്കാർക്ക് 1,500 രൂപ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതിയും എൻഡോസൾഫാൻ പാക്കേജിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുള്ളതിനാലും സ്നേഹസാന്ത്വനം പദ്ധതിപ്രകാരം നിലവിലുള്ള ഗുണഭോക്താക്കളെ കൂടാതെ പുതുതായി 1318 എൻഡോസൾഫാൻ ദുരിതബാധിതരെക്കൂടി കണ്ടെത്തിയിട്ടുള്ളതിനാൽ ഇവർക്കുകൂടി പ്രതിമാസം ധനസഹായം നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2,52,10,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത പദ്ധതിക്കായി നടപ്പുസാമ്പത്തികവർഷം 33,42,50,000 രൂപ അധിക ധനസഹായം മുഖേന അനുവദിച്ചിട്ടുണ്ട്.

2235-60-200-72(06)—<u>സാമൂഹ്യക്ഷേമ വകുപ്പി ന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ അന്തേവാസികളുടെ പരിചാരകർ</u>

<u>ഖണ്ഡിക നമ്പർ 33</u>

സാമൂഹ്യക്ഷേമ വകുപ്പി ന്റെ കീഴിൽ 78 ക്ഷേമ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങളിലുള്ള അന്തേവാസികളുടെ പരിചരണത്തിന് നഴ്സിംഗ് സ്റ്റാഫിനെ നിയമിച്ചിട്ടില്ല. ഇത്തരം സ്ഥാപനങ്ങളിലെ അന്തേവാസികളുടെ എണ്ണം അനുവദനീയമായ എണ്ണത്തേക്കാൾ വർദ്ധിച്ച് വരുന്നതിനാൽ ഈ സ്ഥാപനങ്ങൾ സുഗമമായി നടത്തിക്കൊണ്ട് പോകുന്നതിന് കഴിയുന്നില്ല. സാമൂഹ്യക്ഷേമ വകുപ്പി ന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലേക്കും ആവശ്യമായ പരിചാരകരെ നിയമിക്കുന്നതിനും അന്തേവാസികൾക്കായി മെഡിക്കൽ ടീം, കൗൺസിലിംഗ് , യോഗ തെറാപ്പിസ്റ്റ്, സൈക്കോളജിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്നിവരുടെ സേവനങ്ങൾ ഉൾപ്പെൾപ്പെപ്പെടുത്തി മാതൃകാ സ്ഥാപനങ്ങളായി വികസിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത പദ്ധതികൾക്കായി അധിക ധനസഹായം/ഉപധനാഭ്യർത്ഥന മുഖേന അധിക തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവെങ്കിലും ആയത് തൻവർഷം അനുവദിക്കുക യുണ്ടായില്ല.

2235-60-200-72 (07)—<u>വയോമിത്രം</u>

<u>ഖണ്ഡിക നമ്പർ 34</u>

കേരളത്തിലെ വയോജനസംഖ്യ മറ്റ് സംസ്ഥാനങ്ങളെക്കാൾ വളരെ വേഗത്തിൽ

വളർന്നുകൊണ്ടിരിക്കുന്നു. 65 വയസ്സിനുമുകളിൽ പ്രായമുള്ളവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള പരിപാടികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഹെൽപ് ഡെസ്ക് സൗകര്യം , പാലിയേറ്റിവ് കെയര്, ആംബുലൻസ് സൗകര്യം, മരുന്ന് തുടങ്ങിയ സൗജന്യ സേവനങ്ങൾ ഇതിലൂടെ ലഭ്യമാക്കുന്നു. 14 ജില്ലാ ആസ്ഥാനങ്ങളിലുമുള്ള കോർപ്പറേഷന്/മുനിസിപ്പൽ പ്രദേശങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ നഗരപ്രദേശങ്ങളിലും പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 25 നഗരപ്രദേശങ്ങളിൽക്കൂടി ഈ വർഷംതന്നെ പദ്ധതി ആരംഭിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത പദ്ധതിക്കായി തൻവർഷം അധിക തുകയൊന്നും അനുവദിക്കുകയുണ്ടായില്ല. എന്നാൽ 2014-2015 സാമ്പത്തികവർഷം ടി പദ്ധതിക്കായി 7 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി യിട്ടുണ്ട്.

2235-60-200-72 (08)—<u>വിശപ്പുമുക്ത നഗരം</u>

<u>ഖണ്ഡിക നമ്പർ 35</u>

ആഹാരം വേണ്ടവർക്ക് മിതമായ നിരക്കിൽ ഭക്ഷണം നൽകാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. 2009-ൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആരംഭിച്ച ഈ പദ്ധതി മുഖേന പ്രതിദിനം രണ്ടായിരത്തിലധികം പേർക്ക് സൗജന്യ ഭക്ഷണം നൽകിവരുന്നു. കോഴിക്കോട്, മലപ്പുറം, കൊല്ലം, തിരുവനന്തപുരം എന്നീ നഗരങ്ങളിൽ യഥാക്രമം 2200, 500, 1000, 2500 ഗുണഭോക്താക്കൾക്ക് പ്രതിദിനം ഉച്ചഭക്ഷണം നൽകുന്നതിന് 5 കോടി രൂപ ആവശ്യമാണ്. ആകയാൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ 360 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത പദ്ധതികൾക്കായി അധിക ധനസഹായം/ഉപധനാഭ്യർത്ഥന മുഖേന അധിക തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവെങ്കിലും ആയത് തൻവർഷം അനുവദിക്കുകയുണ്ടായില്ല.

2235-60-200-72(10),(12)—<u>കുട്ടികൾക്കുള്ള കോക്ലിയർ ഇംപ്ലാന്റേഷന്—ശ്രുതിതരംഗം (ഒറ്റത്തവണ അധിക കേന്ദ്ര സഹായം)</u>

<u>ഖണ്ഡിക നമ്പർ 36</u>

ബാല്യത്തിൽത്തന്നെ കുട്ടികളുടെ ശ്രവണ വൈകല്യം തിരിച്ചറിഞ്ഞ് അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗമാണ് കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ. ഒരു വയസ്സിനും 5 വയസ്സിനും ഇടയിലുള്ള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്താനും അവർക്ക് ആഡിറ്ററി വെർബൽ റീഹാബിലിറ്റേഷനുമായാണ് ധനസഹായം നൽകിവരുന്നത്.

ഓരോ രോഗിക്കും സർജറിക്കായി 4,56,521 രൂപയും ആഡിറ്ററി വെർബൽ റീഹാബിലിറ്റേഷൻ തെറാപ്പിക്ക് 50,000 രൂപയും ചെലവുവരുമെന്ന് കണക്കാക്കുന്നു. 2012-2013 സാമ്പത്തിക വർഷത്തിൽ അലോട്ട്മെന്റ് നൽകിയ 56 കോക്ലിയർ ഇംപ്ലാന്റിന്റെ വിലയും ZVT ചാർജ്ജും ഈ സാമ്പത്തികവർഷത്തിൽ നൽകേണ്ടതുള്ളതിനാലും ഈ വർഷം 200 സർജറികൾ നടത്തേണ്ടതുള്ളതിനാലും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആകയാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത പദ്ധതികൾക്കായി അധിക ധനസഹായം/ഉപധനാഭ്യർത്ഥന മുഖേന അധിക തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവെങ്കിലും ആയത് തൻവർഷം അനുവദിക്കുക യുണ്ടായില്ല.

2235-60-200-72 (11)—സ്നേഹപൂർവ്വം

ഖണ്ഡിക നമ്പർ 37

ബന്ധുക്കളുടെയോ കൂട്ടുകാരുടെയോ കൂടെ വീടുകളിൽ കഴിയുന്നവർക്കും സമൂഹത്തിന്റെ സഹായത്തോടെ കഴിയുന്ന അനാഥർക്കും സഹായം നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഈ പദ്ധതി പ്രകാരം 1 മുതൽ 5 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 300 രൂപയും 6 മുതൽ 10 വരെ ക്ലാസ്സുകളിലുള്ളവർക്ക് 500 രൂപയും 11, 12 ക്ലാസ്സുകളിലെ കുട്ടികൾക്ക് പ്രതിമാസം 750 രൂപയും ധനസഹായം നൽകിവരുന്നു. കൂടാതെ ബി.പി.എല്. കുടുംബങ്ങളിലെ സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ആനുകൂല്യം ബി.പി.എല്.-ന് പുറമെ നഗരങ്ങളിൽ 22,375 രൂപയും ഗ്രാമങ്ങളിൽ 20,000 രൂപയും വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കുംകൂടി ആനുകൂല്യം അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് [നമ്പർ (എംഎസ്.) 06/2013/സാ.നീ.വ. തീയതി 22-1-2013] പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 12.50 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത പദ്ധതിക്കായി അധിക തുക വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചുവെങ്കിലും ആയത് അനുവദിക്കുകയുണ്ടായില്ല. എന്നാൽ പ്രസ്തുത പദ്ധതിക്കാവശ്യമായ അധിക തുക 2014-2015 സാമ്പത്തിക വർഷം അധിക ധനസഹായം/ഉപധനാഭ്യർത്ഥന വഴി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

2235-02-104-89—അനാഥാലയ നിയന്ത്രണ ബോർഡ്

ഖണ്ഡിക നമ്പർ 38

ഓർഫനേജ് കൺട്രോൾ ബോർഡിൽ 15 അംഗങ്ങളും 7 ജീവനക്കാരുമാണുള്ളത്. ബോർഡ് അംഗങ്ങളുടെ റ്റി.എ./ഡി.എ., ഓണറേറിയം, സിറ്റിംഗ് ഫീസ് ഇനത്തിൽ 9 ലക്ഷം രൂപയും ജീവനക്കാരുടെ വേതനം, യാത്രാബത്ത, വെള്ളക്കരം, വൈദ്യുതി ചാർജ്, ടെലിഫോൺ ചാർജ്, മറ്റ് ചെലവുകൾ എന്നിവയ്ക്കായി 5,93,000 രൂപയും ബോർഡിന്റെ നിയന്ത്രണത്തിലുള്ള 2017 സ്ഥാപനങ്ങളിലെ 15000 ജീവനക്കാർക്ക് പരിശീലനം നൽകുന്നതിലേക്കായി 14 ലക്ഷം രൂപയും ഉൾപ്പെടെ ശമ്പളേതര ഇനത്തിൽ മൊത്തം ചെലവ് 28.93 ലക്ഷം രൂപ കണക്കാക്കുന്നു. ഇതിൽ ബഡ്ജറ്റ് വിഹിതമായ 7 ലക്ഷം രൂപ കൂടാതെ 21.93 ലക്ഷം രൂപ കൂടി ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത പദ്ധതിക്കായി തൻവർഷം അധിക തുകയൊന്നും അനുവദിക്കുകയുണ്ടായില്ല. എന്നാൽ ടി പദ്ധതിക്കായി 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ യഥാക്രമം 20,83,000 , 7,70,000 രൂപ വകയിരുത്തിയിട്ടുണ്ട്.

2235-02-101-89—വികലാംഗർക്കുവേണ്ടി ഭവനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം

ഖണ്ഡിക നമ്പർ 39

വിഭിന്നശേഷിയുള്ളവർക്ക് വേണ്ടിയുള്ള ഭവനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കും അന്തേവാസികളുടെ ഭക്ഷണം, പാചകക്കാരുടെയും സഹായികളുടെയും വേതനം, വസ്ത്രം, കിടക്ക, മറ്റ് അടിയന്തര ചെലവുകൾ എന്നീ ആവശ്യങ്ങൾക്കാണ് ഈ പദ്ധതിപ്രകാരം ഗ്രാന്റ് അനുവദിക്കുന്നത്. കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകളിലായി 9 സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകിവരുന്നു. 18-9-2012-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 56/12/സാ.ക്ഷേ.വ. പ്രകാരം ഗ്രാന്റ് തുക 250 രൂപയിൽ നിന്നും 525 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 10,34,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത പദ്ധതികൾക്ക്ക്കായി അധിക തുക വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ

സമർപ്പിച്ചുവെങ്കിലും ടി ചെലവുകൾ 2014-15 സാമ്പത്തികവർഷത്തേക്ക് മാറ്റുവാനാണ് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ളത്. അതിൻപ്രകാരം പ്രസ്തുത പദ്ധതികൾക്കാവശ്യമായ അധിക തുക ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ സാമൂഹ്യനീതി ഡയറക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2235-02-104-98—അനാഥശാലകള്—സഹായധനം

ഖണ്ഡിക നമ്പർ 40

2012-13 സാമ്പത്തികവർഷം അനാഥാലയങ്ങളിലെ അന്തേവാസികളായ 32740 പേർക്ക് ധനസഹായം നൽകുകയുണ്ടായി. 18-9-2012-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 56/12/സാ.ക്ഷേ.വ. പ്രകാരം ഗ്രാന്റ് തുക 525 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഈ സാമ്പത്തികവർഷം ഗ്രാന്റ് നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ് . ആയതിനാൽ ഈ ശീർഷകത്തിൽ 8,04,77,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ।

സ്വീകരിച്ച നടപടി

പ്രസ്തുത പദ്ധതികൾക്കായി അധിക തുക വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും ടി ചെലവുകൾ 2014-15 സാമ്പത്തിക വർഷത്തേക്ക് മാറ്റുവാനാണ് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ളത്. അതിൻപ്രകാരം പ്രസ്തുത പദ്ധതികൾക്കാവശ്യമായ അധിക തുക ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ സാമൂഹ്യനീതി ഡയറക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2235-02-104-97—യാചകകേന്ദ്രങ്ങൾ

ഖണ്ഡിക നമ്പർ 41

യാചക നിരോധന നിയമത്തിന്റെ പരിധിയിൽ സർക്കാർ നോട്ടിഫൈ ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്ന പദ്ധതിയാണിത്. 693 അന്തേവാസികൾക്ക് ഈ പദ്ധതി പ്രകാരം ഗ്രാന്റ് അനുവദിച്ചുവ രുന്നു. ഗ്രാന്റ് തുക 250 രൂപയിൽ നിന്നും 525 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 33,66,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ।

സ്വീകരിച്ച നടപടി

പ്രസ്തുത പദ്ധതികൾക്കായി അധിക തുക വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും ടി ചെലവുകൾ 2014-15 സാമ്പത്തിക വർഷത്തേക്ക് മാറ്റുവാനാണ് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ളത്. അതിൻപ്രകാരം പ്രസ്തുത പദ്ധതികൾക്കാവശ്യമായ അധിക തുക

ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ സാമൂഹ്യനീതി ഡയറക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2235-02-800-98—മിശ്രവിവാഹങ്ങൾ

ഖണ്ഡിക നമ്പർ 42

പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെടാത്ത മിശ്രവിവാഹിതരായ ദമ്പതിമാർക്ക് ധനസഹായം നൽകുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പദ്ധതി. 9-9-2010 മുതൽ മിശ്രവിവാഹിതരായ ദമ്പതിമാർക്കുള്ള ധനസഹായം 5,000 രൂപയിൽ നിന്ന് 30,000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. വർദ്ധനയ്ക്ക് ആനുപാതികമായി മുൻവർഷങ്ങളിൽ ബഡ്ജറ്റ് വിഹിതം ലഭിക്കാതിരുന്നതിനാൽ ധനസഹായ വിതരണത്തിൽ കുടിശ്ശിക നിലനിൽക്കുന്നു. ആയതിനാൽ കുടിശ്ശികയുള്ള ധനസഹായം വിതരണം ചെയ്യുന്നതിനും ഈ വർഷത്തെ അപേക്ഷകൾക്കുള്ള ധനസഹായം നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 71,25,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത പദ്ധതികൾക്കായി 2013-14 സാമ്പത്തിക വർഷം അധിക തുകയൊന്നും വകയിരുത്തുകയുണ്ടായില്ല. എന്നാൽ 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ടി പദ്ധതികൾക്കായി 6.43 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2235-02-103 -99—സാമൂഹ്യക്ഷേമബോർഡ്

ഖണ്ഡിക നമ്പർ 43

കേരള സംസ്ഥാന സാമൂഹ്യക്ഷേമബോർഡിന്റെ ഭരണച്ചെലവുകളുടെ 50% തുകയും, ചെയർപേഴ്സണ് നൽകേണ്ടതായ ഓണറേറിയത്തിന്റെ 100%-വും സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. ദൈനംദിന ചെലവുകൾ കാലാനുസൃതമായി കൂടിവരുന്ന സാഹചര്യത്തിൽ പദ്ധതി നടത്തിപ്പിനായി വെബ്സൈറ്റ് ഉൾപ്പെടെയുള്ള ബോർഡിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ ശീർഷകത്തിൽ 11,73,633 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2013-14 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി അധിക തുകയൊന്നും വകയിരുത്തുകയുണ്ടായില്ല. കേന്ദ്ര സാമൂഹ്യക്ഷേമബോർഡ് 2013-14 സാമ്പത്തിക വർഷത്തെ ഭരണചെലവുകൾക്കായി അംഗീകരിച്ച പുതുക്കിയ ബഡ്ജറ്റ് പ്രകാരം സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിനു പുറമെ സർക്കാർ ബോർഡിന് 2013-14

സാമ്പത്തിക വർഷം ലഭ്യമാക്കേണ്ടിയിരുന്ന അധിക തുക 20,184 രൂപ മാത്രമാണ്. സംസ്ഥാന സാമൂഹ്യക്ഷേമബോർഡിന്റെ വെബ്സൈറ്റ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി 2013-14 സാമ്പത്തിക വർഷം 5,22,500 രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത പദ്ധതികൾക്കാവശ്യമായ അധിക തുക 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തുവാൻ കഴിയാത്തതിനാൽ ടി തുക 2014-15 സാമ്പത്തിക വർഷം അധിക ധനസഹായംവഴി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

2235-02-190-98—<u>കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ (പ്ലാന്)</u>

<u>ഖണ്ഡിക നമ്പർ 44</u>

വികലാംഗരുടെ സമ്പൂർണ്ണ പുനരധിവാസം ലക്ഷ്യമാക്കി കേന്ദ്രസർക്കാർ ആവിഷ്കരിച്ച ഒരു ബൃഹത് പദ്ധതിയാണ് ദേശീയ വികലാംഗ പുനരധിവാസ പദ്ധതി. വികലാംഗരുടെ സമഗ്രമായ സർവ്വേ നടത്തി അംഗപരിമിതരുടെ സർവ്വതോമുഖമായ ക്ഷേമം ഉറപ്പു വരുത്തുന്നതിനായി സൗജന്യ ചികിത്സ, വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത പരിശീലനം, തൊഴിലവസരങ്ങൾ എന്നിവ ലഭ്യമാക്കുന്ന പദ്ധതിയുടെ നടത്തിപ്പിലേക്കായി, കൊല്ലം, പാലക്കാട്, കാസർഗോഡ് ജില്ലകൾക്ക് 60 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തികവർഷം തന്നെ ഈ പദ്ധതി സംസ്ഥാനതലത്തിൽ തിരുവനന്തപുരം, പത്തനംതിട്ട, മലപ്പുറം എന്നീ ജില്ലകളിൽകൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതിനാൽ ഒരു ജില്ലയ്ക്ക് 50 ലക്ഷം രൂപ വീതം 150 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ।

<u>സ്വീകരിച്ച നടപടി</u>

2013-14 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി അധിക തുക വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും ആയത് അനുവദിക്കുകയുണ്ടായില്ല.

2235-02-190-98—<u>കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ (നോൺ പ്ലാന്)</u>

<u>ഖണ്ഡിക നമ്പർ 45</u>

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിലെ ജീവനക്കാരിൽ പകുതിയിലേറെപ്പേരും വികലാംഗരാണ്. ഇവർക്ക് ശമ്പളം നൽകുന്നതിനും ഭരണ നിർവ്വഹണ ചെലവുകൾക്കുമുള്ള ഫണ്ടിന് കോർപ്പറേഷൻ വളരെയേറെ ബുദ്ധിമുട്ടുകയാണ്. ആയതിനാൽ ഈ ശീർഷകത്തിൽ നോൺ പ്ലാൺ ഇനത്തിൽ 15,00,000 രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത പദ്ധതിക്കായി അധിക തുക വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും 11-10-2013 സ. ഉ. (പി) നമ്പർ 515/2013/ധന. പ്രകാരമുള്ള സാമ്പത്തിക നിയന്ത്രണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അധിക ധനാനുമതിയ്ക്കുള്ള നിർദ്ദേശം പരിഗണിക്കുവാൻ തത്ക്കാലം നിർവ്വാഹമില്ലായെന്ന് ധനകാര്യവകുപ്പ് അറിയിക്കുക യുണ്ടായി.

2235-02-107-98 —സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾക്ക് സഹായധനം

ഖണ്ഡിക നമ്പർ 46

1992 മുതൽ നോൺഗവൺമെന്റൽ സെക്ടറിൽ പ്രവർത്തിക്കുന്നതും വൃദ്ധസദനങ്ങൾ നടത്തുന്നതുമായ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. അന്തേവാസികളുടെ ഭക്ഷണച്ചെലവുകള്, പാചകക്കാരുടെയും സഹായികളുടെയും ശമ്പളം, വസ്ത്രം, കിടക്ക, മറ്റ് ചെലവുകൾ എന്നിവയ്ക്കായാണ് തുക വകയിരുത്തിയിരിക്കുന്നത്. നിലവിൽ 239 സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുമതി നൽകിയിട്ടുള്ള സാഹചര്യത്തിലും നിലവിൽ നൽകിവരുന്ന ധനസഹായം 525 രൂപയിൽ നിന്നും 700 രൂപയായി ഉയർത്തുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള തിനാലും ബഡ്ജറ്റ് വിഹിതം അപര്യാ പ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 2,54,16,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. I

സ്വീകരിച്ച നടപടി

പ്രസ്തുത പദ്ധതികൾക്കക്കായി അധിക തുക വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും ടി ചെലവുകൾ 2014-15 സാമ്പത്തിക വർഷത്തേയ്ക്ക് മാറ്റുവാനാണ് ധനകാര്യവകുപ്പ് നിർദ്ദേശിച്ചിട്ടുള്ളത്. അതിൻപ്രകാരം പ്രസ്തുത പദ്ധതികൾക്കാവശ്യമായ അധിക തുക ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ സാമൂഹ്യനീതി ഡയറക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2235-02-101-92—അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികളായവർക്കുമുള്ള പ്രത്യേക പെൻഷൻ പദ്ധതി

ഖണ്ഡിക നമ്പർ 47

40%-ൽ കൂടുതൽ അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികളായവർക്കും വേണ്ടിയുള്ള ഈ പ്രത്യേക പെൻഷൻ പദ്ധതി പ്രകാരം പ്രതിമാസം 80%-ൽ കൂടുതൽ വൈകല്യമുള്ളവർക്ക്ക്ക് 700 രൂപയും മറ്റുള്ളവർക്ക് 525 രൂപയും പെൻഷൻ നൽകി വരുന്നു. 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 80%-ൽ കൂടുതൽ അംഗവൈകല്യമുള്ളവർക്ക് 1,000 രൂപയായും മറ്റുള്ളവർക്ക് 700 രൂപയായും

പെൻഷൻ വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 70,07,02,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2013-14-ലെ സാമ്പത്തിക വർഷത്തെ അവസാന ബാച്ച് ഉപധനാഭ്യർത്ഥന പ്രകാരം പ്രസ്തുത പദ്ധതിക്കായി 6984.73 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

2235-60-102-99—<u>അഗതികൾക്കുള്ള പെൻഷൻ</u>

<u>ഖണ്ഡിക നമ്പർ 48</u>

അഗതികളായ വിധവകൾക്കുള്ള പെൻഷൻ പദ്ധതി പ്രകാരം നിലവിൽ പ്രതിമാസം 525 രൂപ പെൻഷൻ നൽകിവരുന്നു. 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പെൻഷൻ തുക 700 രൂപയായി വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ 2014 മാർച്ച് വരെ കുടിശ്ശിക കൂടാതെ പെൻഷൻ വിതരണം ചെയ്യുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമെ 167,71,08,000 രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2013-14 സാമ്പത്തിക വർഷത്തെ അവസാന ബാച്ച് ഉപധനാഭ്യർത്ഥന പ്രകാരം പ്രസ്തുത പദ്ധതിക്കായി 16702.64 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

2235-60-102-97—<u>ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി</u>

<u>ഖണ്ഡിക നമ്പർ 49</u>

പ്രായംചെന്ന അഗതികൾക്കുള്ള പെൻഷൻ പദ്ധതി കേന്ദ്ര സർക്കാരിന്റെ ദേശീയ സാമൂഹ്യ സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. നിലവിൽ 80 വയസ്സിനു മുകളിൽ പ്രായമുള്ള വൃദ്ധജനങ്ങൾക്കുള്ള പെൻഷൻ 900 രൂപയും മറ്റുള്ളവർക്ക് 400 രൂപയും നൽകിവരുന്നു. 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 80 വയസ്സിനു മുകളിൽ പ്രായമുള്ളവർക്കുള്ള പെൻഷൻ 1,100 രൂപയായും മറ്റുള്ളവർക്ക് 500 രൂപയായും വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതിനാൽ 2014 മാർച്ച് മാസം വരെ കുടിശ്ശിക കൂടാതെ പെൻഷൻ വിതരണം ചെയ്യുന്നതിനായി ഈ ശീർഷകത്തിൽ 163,50,21,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2013-14 സാമ്പത്തിക വർഷത്തെ അവസാന ബാച്ച് ഉപധനാഭ്യർത്ഥന പ്രകാരം പ്രസ്തുത പദ്ധതിക്കായി 5033.60 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

2235-60-102-96—സാമൂഹ്യ സുരക്ഷിതത്വ പദ്ധതിയനുസരിച്ച് 50 വയസ്സിനുമേൽ പ്രായമുള്ളവർക്കുള്ള പെൻഷൻ പദ്ധതി

ഖണ്ഡിക നമ്പർ 50

മറ്റ് സാമൂഹ്യ സുരക്ഷിതത്വ പെൻഷൻ പദ്ധതികളിൽ ഉൾപ്പെടാത്ത 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള ഈ പെൻഷൻ പദ്ധതി പ്രകാരം നിലവിൽ പ്രതിമാസം 525 രൂപ പെൻഷൻ നൽകിവരുന്നു. 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പെൻഷൻ തുക 700 രൂപയായി വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ 2014 മാർച്ച് മാസം വരെ കുടിശ്ശിക കൂടാതെ പെൻഷൻ വിതരണം ചെയ്യുന്നതിനായി 11,96,02,000 രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2013-14 സാമ്പത്തിക വർഷത്തെ അവസാനത്തെ ബാച്ച് ഉപധനാഭ്യർത്ഥന പ്രകാരം പ്രസ്തുത പദ്ധതിക്കായി 1366.88 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

2235-02-190-99—കേരള വനിതാ വികസന കോർപ്പറേഷൻ

ഖണ്ഡിക നമ്പർ 51

വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന വിവിധ തുടർ പദ്ധതികൾക്കാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നത്. മുന്നോക്ക വിഭാഗങ്ങളിലെ വനിതകൾക്ക് വായ്പ നൽകുന്നതിനായി ദേശീയ കോർപ്പറേഷനിൽ നിന്നും തുകയൊന്നും ലഭിക്കുന്നില്ല. കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലായി മറ്റ് വിഭാഗങ്ങളിലെ വനിതകൾക്ക് 19.80 കോടി രൂപ വായ്പയായി നൽകിയപ്പോൾ മുന്നോക്ക വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് 2 കോടി രൂപ മാത്രമാണ് വായ്പയായി നൽകാൻ കഴിഞ്ഞത്. ആകയാൽ മുന്നോക്ക വിഭാഗങ്ങളിലെ വനിതകൾക്ക് വായ്പകൾ നൽകുന്നതിലേക്ക് 191 ലക്ഷം രൂപയും കോട്ടയം ജില്ലയിൽ പുതുതായി ഒരു വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ പണിയുന്നതിലേക്കായി 175 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 3,66,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

സ്വീകരിച്ച നടപടി

പ്രസ്തുത പദ്ധതികൾക്കായി അധിക തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും ആയത് അംഗീകരിക്കുകയുണ്ടായില്ല.

2235-02-103-89—<u>വനിതകൾക്കുവേണ്ടിയുള്ള ഫിനിഷിംഗ് സ്കൂൾ</u>

<u>ഖണ്ഡിക നമ്പർ 52</u>

വനിതകൾക്കുവേണ്ടിയുള്ള ഫിനിഷിംഗ് സ്കൂൾ പദ്ധതി മുഖേന രണ്ട് മാസം ദൈർഘ്യമുള്ള കോഴ്സുകൾ നടപ്പിലാക്കിവരുന്നു. നിലവിൽ തിരുവനന്തപുരം, കണ്ണൂർ ജില്ലകളിലാണ് ഫിനിഷിംഗ് സ്കൂൾ ഉള്ളത്. മദ്ധ്യകേരളത്തിൽ ഒരു ഫിനിഷിംഗ് സ്കൂൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള ഫിനിഷിംഗ് സ്കൂളുകളുടെ തുടർ ചെലവുകൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 110 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത പദ്ധതികൾക്കായി അധിക തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും ആയത് അംഗീകരിക്കുകയുണ്ടായില്ല.

2235-02-103-95-34—<u>സ്റ്റാറ്റ്യൂട്ടറി വിമൻസ് കമ്മീഷൻ</u>

<u>ഖണ്ഡിക നമ്പർ 53</u>

കേരള വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങളിൽ അദാലത്തുകള്, ഡി.എന്.എ. ടെസ്റ്റ്, കൗൺസിലിംഗ്, ജാഗ്രത സമിതി പരിശീലനം, ഗവേഷണ പഠനങ്ങള്, ഹ്രസ്വകാലവസതി, ശില്പശാലകള്/സെമിനാര്, സ്ത്രീശക്തി ന്യൂസ് ലെറ്റർ തുടങ്ങി സ്ത്രീ ശാക്തീകരണത്തിനായി വിപുലമായ പ്രവർത്തനങ്ങൾ നടന്നു വരുന്നു. മേൽപ്പറഞ്ഞ പദ്ധതികളുടെ സുഗമമായ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 65 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത പദ്ധതികൾക്കായി 2013-14 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമാകയാൽ അധിക തുക ആവശ്യമായി വന്നില്ല.

2235-02-103-90(03)—<u>സ്ത്രീ ശാക്തീകരണത്തിനുള്ള സുപ്രധാന പരിപാടി-കേരള വനിതാകമ്മീഷൻ (ഫ്ലാഗ്ഷിപ്പ് പ്രോഗ്രാം)</u>

<u>ഖണ്ഡിക നമ്പർ 54</u>

കേരള വനിതാ കമ്മീഷന്റെ സ്ത്രീ ശാക്തീകരണത്തിനുള്ള ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമിൽ ഡോക്യുമെന്ററി/വീഡിയോ/ഓഡിയോ സ്പോർട്ട് വഴിയുള്ള ബോധവൽക്കരണം, പ്രിന്റ്

മീഡിയ വഴിയുള്ള ബോധവൽക്കരണം, മീഡിയാ മോണിറ്ററിംഗ് സെല്, പ്രീമാരിറ്റൽ കൗൺസിലിംഗ് എന്നീ ഘടകങ്ങൾ ഉൾപ്പെടുന്നു. മേൽപ്പറഞ്ഞ പ്രോഗ്രാമുകളുടെ സുഗമമായ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 26 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത പദ്ധതികൾക്കായി 2013-14 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമാകയാൽ അധിക തുക ആവശ്യമായി വന്നില്ല.

2235-60-200-79—<u>1995-ലെ അവശ വിഭാഗ ആക്ടിൻ (തുല്യ അവസരങ്ങളും അവകാശ സംരക്ഷണവും പൂർണ്ണപങ്കാളിത്തവും) കീഴിലുള്ള അവശവ്യക്തികളുടെ സംസ്ഥാന കമ്മീഷൻ (പ്ലാന്)</u>

<u>ഖണ്ഡിക നമ്പർ 55,56</u>

1995-ലെ കേന്ദ്ര വികലാംഗ ആക്ട് (തുല്യ അവസരവും അവകാശ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും) പ്രകാരം രൂപീകൃതമായ അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ് വിവിധ വകുപ്പുകൾ മുഖേന അംഗപരിമിതരുടെ ക്ഷേമത്തിനായി സർക്കാർ നടപ്പിലാക്കിവരുന്ന ക്ഷേപപദ്ധതികൾ ഏകോപിപ്പിക്കുക, അവരുടെ പരാതികൾ കേട്ട് തീർപ്പു കൽപ്പിക്കുക, അംഗപരിമിതർക്കായുള്ള നിയമത്തെപ്പറ്റി വിജ്ഞാപനം പകർന്ന് നൽകുക, തൊഴിൽ മേഖലയിൽ സംവരണം ചെയ്തിട്ടുള്ള 1:1:1 അനുപാതം കൃത്യമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക തുടങ്ങി ശ്രേഷ്ഠമായ പരിപാടികൾ നടപ്പിലാക്കിവരുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ കമ്മീഷണറേറ്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കുന്നതിനായി താഴെപ്പറയുന്ന പ്രകാരം തുക ആവശ്യമാണ്.

(രൂപ ലക്ഷത്തില്)

| | | | |
|---|---|---|---|
| 1. | ലഘുലേഖകൾ | .. | 5 |
| 2. | ഗവേഷണവും വികസനവും | .. | 20 |
| 3. | വിനോദപരിപാടികൾ | .. | 10 |
| 4. | പ്രതിബന്ധ വിമുക്തമായ പരിസ്ഥിതി പരിപാടികൾ | .. | 10 |
| 5. | നിയമസഹായം നൽകൽ | .. | 5 |
| 6. | ശ്രാവ്യ-ദൃശ്യ പരിപാടികൾ | .. | 5 |
| 7. | സെമിനാറുകളും അവബോധന പരിപാടികളും | .. | 20 |

| | | | |
|---|---|---|---|
| 8. | ബോർഡുകളും സ്ലൈഡുകളും പ്രദർശിപ്പിക്കുക | .. | 14 |
| 9. | ടെലിവിഷൻ ചാനലുകളിലും പത്രമാധ്യമങ്ങളിലും പരസ്യം | .. | 40 |
| 10. | അംഗപരിമിതരെ തൊഴിലുകൾക്ക് സജ്ജരാക്കുക | .. | 12 |
| 11. | സഹായോപകരണങ്ങളുടെ റിപ്പയറിംഗ് | .. | 14 |
| 12. | ശയ്യാവലംബരായ അംഗപരിമിതർക്ക് സൗജന്യ ചികിത്സ | .. | 15 |
| | ആകെ | .. | 170 |

മേൽപ്പറഞ്ഞ പദ്ധതി പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനായി മൊത്തം ആവശ്യമായി വരുന്ന 170 ലക്ഷം രൂപയിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമെ 128 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത പദ്ധതിക്കായി 2013-14 സാമ്പത്തിക വർഷം പ്രോപ്പോസൽ സമർപ്പിച്ചുവെങ്കിലും അധിക തുക യാതൊന്നും അനുവദിക്കുകയുണ്ടായില്ല. എന്നാൽ 2014-15 സാമ്പത്തിക വർഷം വികലാംഗ കമ്മീഷണറേറ്റിന്റെ വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായി 80 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

2235-60-200-79—<u>1995-ലെ അവശ വിഭാഗ ആക്ടിൽ (തുല്യ അവസരങ്ങളും അവകാശ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും) കീഴിലുള്ള അവശ വ്യക്തികളുടെ സംസ്ഥാന കമ്മീഷൻ (നോൺ പ്ലാന്)</u>

<u>ഖണ്ഡിക നമ്പർ 57</u>

സംസ്ഥാന കമ്മീഷണറെ ഗവൺമെന്റ് സെക്രട്ടറിക്ക് തുല്യമായി അംഗീകരിച്ച് സേവന വേതന വ്യവസ്ഥകൾ നിർണ്ണയിച്ച് 25-2-2013-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ പരിഷ്കരിച്ച രീതിയിൽ ശമ്പളവും ബത്തകളും മെഡിക്കൽ റീഇംബേഴ്സ്മെന്റ്, കമ്മീഷണറുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും ടൂർ റ്റി.എ., ഡി.എ, പി.ഒ.എല്. ചാർജ്ജസ്, ദിവസവേതന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുടെ വേതനം എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി 33 ലക്ഷം രൂപ അധികായി വകയിരുത്തണ

മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

| | | (രൂപ) |
|---|---|---|
| മെഡിക്കൽ റീഇംപേഴ്സ്മെന്റ് | .. | 15,00,000 |
| റ്റി.എ./ഡി.എ. | .. | 5,00,000 |
| പി.ഒ.എല്. ചാർജ്ജസ് | .. | 3,00,000 |
| വേജസ് | .. | 10,00,000 |
| ആകെ | .. | 33,00,000 |

സ്വീകരിച്ച നടപടി

പ്രസ്തുത പദ്ധതിക്കായി 2013-14 സാമ്പത്തിക വർഷം പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും വേജസ്, അവധി യാത്രാനുകൂല്യം എന്നീ ഇനങ്ങളിൽ മാത്രമാണ് യഥാക്രമം 22,000 രൂപ, 1,25,000 രൂപ അധികമായി അനുവദിച്ച് നൽകിയിട്ടുള്ളത്.

2235-60-200-89—അകാലചരമം പ്രാപിച്ച മന്ത്രിമാരുടെ കുടുംബങ്ങൾക്ക് സഹായം

ഖണ്ഡിക നമ്പർ 59

അകാലചരമം പ്രാപിച്ച മന്ത്രിമാരുടെ കുടുംബങ്ങൾക്ക് സഹായംനൽകിവരുന്ന ധനസഹായം വർദ്ധിപ്പിച്ച് ഏകീകരിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 40,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ധനകാര്യ വകുപ്പിന്റെ 21-5-2014 തീയതിയിലെ ജി.ഒ.(ആർറ്റി.) നമ്പർ 4177/14/ധന. ഉത്തരവ്പ്രകാരം 2235-60-200-89 എന്ന ശീർഷകത്തിൽ 94,000 രൂപ വകയിരുത്തിയിട്ടുണ്ട്. (നിലവിലുള്ള 50,000 രൂപക്കു പുറമെ 44,000 രൂപ അധികമായി)

**ഭാഗം II**

## ഇനിയും മറുപടി ലഭിച്ചിട്ടില്ലാത്ത ഖണ്ഡികകളിലെ ശുപാർശകൾ സംബന്ധിച്ച വിവരം

**പട്ടികജാതി വികസന വകുപ്പ്**

ഖണ്ഡിക നമ്പർ 3, 4

**ആഭ്യന്തര വകുപ്പ്**

ഖണ്ഡിക നമ്പർ 58

സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2013-2014 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിൽ പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട ശുപാർശകളിൽ 1, 2 ഖണ്ഡികയിലെ ശുപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളും സാമൂഹ്യനീതി വകുപ്പുമായി ബന്ധപ്പെട്ട ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളും ലഭ്യമാക്കിയിട്ടുണ്ട്.

ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട 58-ാം ഖണ്ഡികയിലെ ശുപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

"കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശുപാർശകളിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികൾ അടങ്ങുന്ന ആക്ഷൻ ടേക്കൺ റിപ്പോർട്ട് അതാത് സാമ്പത്തിക വർഷാവസാനമോ അതുകഴിഞ്ഞുള്ള സഭാസമ്മേളനകാലത്തോ സമിതി ചെയർമാൻ സഭയിൽ സമർപ്പിക്കേണ്ടതാണ്. ഏതെങ്കിലും ശുപാർശകളിന്മേലുള്ള മറുപടി വകുപ്പ് അയച്ചുതന്നിട്ടില്ലായെങ്കിൽ അതിനുള്ളകാരണം ബന്ധപ്പെട്ട വകുപ്പുമന്ത്രി ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിച്ച് 15 ദിവസത്തിനകമോ അടുത്ത സഭാസമ്മേളനാരംഭത്തിലോ ഏതാണോ ആദ്യം അപ്പോൾ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്."

ആയതിനാൽ മുൻ റിപ്പോ ർട്ടിലെ ശുപാർശകളിൽ ഇനിയും നടപടി സ്വീകരിച്ചിട്ടില്ലാത്ത ശുപാർശകൾ സംബന്ധിച്ച വിവരം ഡിലേസ്റ്റേറ്റ്മെന്റ് സഹിതം ഈ റിപ്പോർട്ട് സമർപ്പിച്ച് 15 ദിവസത്തിനകമോ അടുത്ത സഭാസമ്മേളനകാലത്തോ ഏതാണോ ആദ്യം അപ്പോൾ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഡോ. എം. കെ. മുനീർ ,
*ചെയർമാൻ ,*
*വിഷയനിർണ്ണയ സമിതി XIII.*

തിരുവനന്തപുരം,
2014 ജൂലൈ 1.